# റബ്ബർ

ജൂലൈ 2026 • വാർഷികവരിസംഖ്യ ₹100

- പ്ലാസ്റ്റിക് മലിനീകരണനിയന്ത്രണം സുസ്ഥിരകൃഷിക്ക് അനിവാര്യം
- വടക്കുകിഴക്കൻ മേഖലയിലെ റബ്ബർകൃഷിവ്യാപനം
- റബ്ബർമേഖല വിക്ടർ ജോർജിനെ ഓർക്കുമ്പോൾ
- ഡ്രോൺ സ്പ്രേയിങ്
- തരിശുമണ്ണിൽ തളിരിടുന്ന ഹരിതവിപ്ലവം



## റബ്ബർഷീറ്റുകൾ ഗുണമേന്മയുള്ളതാക്കാം





ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuriakose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.

Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
Booking trough : www.cheerakuzhy.com

722

# റബ്ബർ

ജൂലൈ 2026

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
x.com/rubberboard
instagram.com/therubberboard
youtube.com/@RubberBoardIndia
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ :
**എൻ. ഹരി**

എക്സിക്യൂട്ടീവ് ഡയറക്ടർ :
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ:
**ബി. ശ്രീകുമാർ**

അസിസ്റ്റന്റ് എഡിറ്റർ:
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*

# ഉള്ളടക്കം

07 | റബ്ബർഷീറ്റുകൾ ഗുണമേന്മയുള്ളതാക്കാം
11 | പ്ലാസ്റ്റിക് മലിനീകരണനിയന്ത്രണം സുസ്ഥിരകൃഷിക്ക് അനിവാര്യം
14 | റബ്ബർകൃഷി വികസനം
18 | റബ്ബർമേഖല വിക്ടർ ജോർജിനെ ഓർക്കുമ്പോൾ...
20 | പെരിയാർ ലാറ്റക്സ് കമ്പനിയുടെ ഡ്രോൺ സ്പ്രേയിങ്
22 | തരിശുമണ്ണിൽ തളിരിടുന്ന ഹരിതവിപ്ലവം
25 | ടാപ്പർമാർക്കായി നേത്രപരിശോധനാക്യാമ്പ്
29 | കോൾസെന്റർ
34 | കൃഷിപ്പണികൾ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ



# റബ്ബർതോട്ടങ്ങളിൽ വെള്ളം കെട്ടിക്കിടക്കുന്നത് ഒഴിവാക്കുക

കേരളത്തിൽ മഴക്കാലത്ത് കൊതുകുകൾ പരത്തുന്ന രോഗങ്ങൾ വർധിക്കുന്ന സാഹചര്യത്തിൽ, റബ്ബർതോട്ടങ്ങളിൽ വെള്ളം കെട്ടിനിന്ന് കൊതുകുകൾ പെരുകാൻ ഇടയാകുന്ന സാഹചര്യം ഒഴിവാക്കണം.

റബ്ബർപാൽ ശേഖരിക്കുന്നതിന് ഉപയോഗിക്കുന്ന ചിരട്ടകൾ പാൽ ശേഖരിച്ച ശേഷം നിർബന്ധമായും കമിഴ്ത്തി വയ്ക്കണം. റെയിൻഗാർഡിങ്ങിന് ഉപയോഗിച്ച പ്ലാസ്റ്റിക്കിന്റെ അവശിഷ്ടങ്ങളും റെയിൻഗാർഡിങ് കോമ്പൗണ്ടിന്റെ ഒഴിഞ്ഞ ടിന്നുകളും തോട്ടത്തിൽ അലക്ഷ്യമായി ഉപേക്ഷിക്കുന്നത് അവയിൽ വെള്ളം കെട്ടിക്കിടന്ന് കൊതുകുകൾ പെരുകാൻ ഇടയാക്കും. അതിനാൽ ഇവയെല്ലാം യഥാസമയം തോട്ടത്തിൽ നിന്ന് നീക്കം ചെയ്യുകയും ഉപയോഗശേഷം പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി നിർമാർജനം ചെയ്യുകയും വേണം. പ്ലാസ്റ്റിക് മലിനീകരണ നിയന്ത്രണത്തെക്കുറിച്ചുള്ള വിശദമായ ലേഖനം ഈ ലക്കത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് ടാപ്പിങ് നടത്തുന്നവർ പട്ടചീയൽ രോഗം വരാതിരിക്കാനുള്ള മുൻകരുതൽ നടപടികൾ പാലിക്കണമെന്നും അഭ്യർഥിക്കുന്നു.

– എഡിറ്റർ



## വിപണിയിലെ അവസരങ്ങൾ
# ഫലപ്രദമായി പ്രയോജനപ്പെടുത്തണം

പ്രകൃതിദത്തറബ്ബർ നമ്മുടെ രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലും റബ്ബർകർഷകരുടെ ഉപജീവനത്തിലും നിർണായക പങ്കുവഹിക്കുന്ന ഒരു കാർഷികവിളയാണ്. നിലവിലെ വിപണിസാഹചര്യം റബ്ബർകർഷകർക്ക് ഉത്പാദനവും വരുമാനവും ഗണ്യമായി വർധിപ്പിക്കുന്നതിനുള്ള മികച്ച അവസരമാണ്. ശാസ്ത്രീയകൃഷിരീതികളിലൂടെയും മികച്ച സംസ്കരണ രീതികളിലൂടെയും ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ സാധിക്കും.

റബ്ബറുത്പാദനപ്രോത്സാഹനപദ്ധതിയുടെ ഭാഗമായി പ്രകൃതിദത്തറബ്ബറിന്റെ വിപണി സഹായവില കിലോഗ്രാമിന് 250 രൂപയായി ഉയർത്തിയിരിക്കുകയാണ്. ഈ തീരുമാനം റബ്ബർകർഷകർക്ക് കൂടുതൽ വരുമാനസുരക്ഷയും ആത്മവിശ്വാസവും നൽകുന്നതോടൊപ്പം സംസ്ഥാനത്തെ റബ്ബർകൃഷിയുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും സഹായകമാകും.

ഈ വർഷത്തിന്റെ തുടക്കത്തിൽ കിലോഗ്രാമിന് 185 രൂപയായിരുന്ന റബ്ബറിന്റെ വില പിന്നീട് ക്രമാനുഗതമായി ഉയരുകയും കഴിഞ്ഞ മാസം ആർ.എസ്.എസ്. 4 -ാം ഗ്രേഡിന്റെ ശരാശരി വില കിലോഗ്രാമിന് 269 രൂപ രേഖപ്പെടുത്തുകയും ചെയ്തു. ഈ അനുകൂല വിപണിസാഹചര്യം പരമാവധി പ്രയോജനപ്പെടുത്താൻ എല്ലാ റബ്ബർകർഷകരോടും ഞാൻ അഭ്യർഥിക്കുന്നു. പ്രത്യേകിച്ച് മഴക്കാലടാപ്പിങ്ങിന് റെയിൻഗാർഡ് ചെയ്യുകയും അവയിൽ ചോർച്ചയില്ലെന്ന് ഉറപ്പാക്കുകയും വേണം. കൃത്യസമയത്ത് ടാപ്പിങ് നടത്തുകയും ശുപാർശ ചെയ്യുന്ന കാർഷികപരിപാലനരീതികൾ പിന്തുടരുകയും ചെയ്യുന്നത് മഴക്കാലത്തും തടസ്സമില്ലാത്ത ഉത്പാദനം ഉറപ്പാക്കാൻ സഹായിക്കും.

റബ്ബർഷീറ്റുകൾ ദീർഘകാലം സംഭരിച്ചുസൂക്ഷിക്കുന്നത് പൂപ്പൽ ബാധയുണ്ടാകാനും ഗുണമേന്മ കുറയാനും ഇടയാക്കും. അതിനാൽ ഷീറ്റുകളുടെ ഗുണമേന്മ നിലനിർത്തുകയും അവ സമയബന്ധിതമായി വിപണനം ചെയ്ത് മികച്ച വില ഉറപ്പാക്കുകയും ചെയ്യേണ്ടതാണ്.

ഗുണമേന്മയാണ് മികച്ച വരുമാനത്തിന്റെ അടിസ്ഥാനം. നിലവിൽ ആർ.എസ്.എസ്. 1 എക്സ് ഗ്രേഡിന്റെയും ആർ.എസ്.എസ്. 4 -ാം ഗ്രേഡിന്റെയും വില തമ്മിൽ കിലോഗ്രാമിന് 15 മുതൽ 20 വരെ രൂപ വ്യത്യാസമുണ്ട്. കഴിഞ്ഞ ഒരു മാസത്തിനിടെ ആർ.എസ്.എസ്. 4 -ാം ഗ്രേഡിനും ആർ.എസ്.എസ്. 5 -ാം ഗ്രേഡിനും ഇടയിലെ ശരാശരി വിലവ്യത്യാസം കിലോഗ്രാമിന് 4 രൂപയായിരുന്നു. ഉയർന്ന ഗുണമേന്മയുള്ള റബ്ബർ ഉത്പാദിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന അധിക സാമ്പത്തികനേട്ടത്തിന്റെ വ്യക്തമായ തെളിവുകളാണിവ.

അതിനാൽ റബ്ബറുത്പാദകസംഘങ്ങളുടെ കീഴിലുള്ള സമൂഹസംസ്കരണശാലകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി, ഗുണമേന്മയുള്ള ഷീറ്റുകൾ ഉത്പാദിപ്പിച്ച് വിപണനം ചെയ്യാൻ എല്ലാ കർഷകരോടും ഞാൻ അഭ്യർഥിക്കുന്നു. പശ്ചിമേഷ്യയിൽ ഇന്ന് നിലനിൽക്കുന്ന സാഹചര്യങ്ങൾ കാരണം റബ്ബർവില ഈ നിലയിൽതന്നെ തുടരാനാണിടയുള്ളത്. ഷീറ്റുറബ്ബറിന്റെ ഉയർന്ന ഗ്രേഡുകൾക്ക് മെച്ചപ്പെട്ട വിലയുള്ളതിനാൽ ഗുണമേന്മയുള്ള ഷീറ്റുകളുടെ ഉത്പാദനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകേണ്ടത്.

ശാസ്ത്രീയ കാർഷികപരിപാലനരീതികൾ, ഗുണമേന്മ മെച്ചപ്പെടുത്തൽ, സർക്കാർ ഉറപ്പാക്കിയ വിലപിന്തുണ പ്രയോജനപ്പെടുത്തൽ എന്നിവയിലൂടെ റബ്ബർകർഷകർക്ക് അവരുടെ വരുമാനം ഗണ്യമായി വർധിപ്പിക്കാനും പ്രകൃതിദത്തറബ്ബർമേഖലയെ കൂടുതൽ ശക്തവും സുസ്ഥിരവുമാക്കാനും കഴിയും.

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്

# എൻ. ഹരി
## റബ്ബർബോർഡ് ചെയർമാൻ



*എൻ. ഹരി*

എൻ. ഹരി റബ്ബർബോർഡ് ചെയർമാനായി ചുമതലയേറ്റു. മൂന്ന് വർഷത്തേക്കാണ് നിയമനം. കേരളത്തിൽ നിന്നുള്ള ചെറുകിട റബ്ബർകർഷകരെ പ്രതിനിധീകരിച്ച് 2022 ജൂൺ 28 മുതൽ മൂന്ന് വർഷം അദ്ദേഹം റബ്ബർ ബോർഡിൽ അംഗമായിരുന്നു. കോട്ടയം പള്ളിക്കത്തോട് സ്വദേശിയായ എൻ. ഹരി, 2023 ഒക്ടോബർ 07 മുതൽ 2024 ഒക്ടോബർ 06 വരെ ബോർഡിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗമായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. •





# റബ്ബർഷീറ്റുകൾ ഗുണമേന്മയുള്ളതാക്കാം

കൃഷി ഉത്പാദനപ്രധാനമായ ഒരു മേഖല എന്നതിലുപരി ഒരു വ്യാപാരമേഖലയായി കണക്കാക്കപ്പെടുന്ന ഇക്കാലത്ത് കാർഷികോത്പന്നങ്ങളുടെ ഗുണമേന്മ മെച്ചപ്പെടണം. നമ്മുടെ തോട്ടങ്ങളിൽനിന്നുള്ള ഉത്പന്നങ്ങളുടെ വിപണനസാധ്യത അവയുടെ ഗുണമേന്മയുമായി ബന്ധപ്പെട്ടിരിക്കുന്നു. ആഭ്യന്തര, അന്താരാഷ്ട്ര വിപണികളിൽ നമ്മുടെ ഉത്പന്നങ്ങൾ മത്സരക്ഷമത കൈവരിക്കണമെങ്കിൽ അവ നിർമിക്കുന്ന അസംസ്കൃതവസ്തുക്കൾ ഗുണമേന്മയുള്ളതായിരിക്കണം.

ഗുണമേന്മയ്ക്ക് മുൻതൂക്കം കൊടുത്തെങ്കിൽ മാത്രമേ ഏതു മേഖലയ്ക്കും ഇന്ന് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളു. പ്രകൃതിദത്തറബ്ബറിന്റെ ഉപഭോഗത്തെയും വിലയെയും നിയന്ത്രിക്കുന്ന പ്രധാനഘടകം ടയർമേഖലയിലെ ചലനങ്ങളാണ്. 70 ശതമാനത്തിലധികവും റബ്ബർ ഉപയോഗിക്കപ്പെടുന്നത് ഈ മേഖലയിലാണ്. ഇന്ന് കാറുകളിൽ മുഴുവൻ ഉപയോഗിക്കുന്നത് റേഡിയൽ ടയറുകളാണ്. അതുപോലെ ബസ്, ട്രക്ക് ടയറുകളിലും റേഡിയൽ ടയറുകളുടെ ഉപയോഗം സമീപഭാവിയിൽതന്നെ നൂറു ശതമാനം ആകാനിടയുണ്ട്. റേഡിയൽ ടയറുകളുടെ നിർമാണത്തിന് ആർ.എസ്.എസ്. 4-ൽ കുറഞ്ഞ ഗ്രേഡിലുള്ള ഷീറ്റുറബ്ബർ ഉപയോഗിക്കാനാകില്ല. ഒരു കാർടയർ നിർമിക്കാൻ നാലു കിലോഗ്രാം റബ്ബർ വേണ്ടി വരിമ്പോൾ ഒരു ട്രക്ക് ടയറിന് 20 കിലോഗ്രാമിലധികം റബ്ബർ ആവശ്യമാണ്. റേഡിയൽ ടയറുകളുടെ നിർമാണത്തിന് ആവശ്യമായ ഗുണമേന്മയുള്ള റബ്ബർ ഇവിടെ ലഭ്യമല്ലെങ്കിൽ അവ ഇറക്കുമതി ചെയ്യേണ്ടി വരും. കർഷകരിൽ ഒരു വിഭാഗത്തിനെങ്കിലും ആർ.എസ്.എസ്. 4-ാം ഗ്രേഡ് ഷീറ്റ് നിർമിക്കാൻ എടുത്തിരുന്ന ശ്രദ്ധയും താൽപര്യവും കുറഞ്ഞതായി കാണാം. നല്ലൊരു വിഭാഗം കർഷകർ റബ്ബർപാൽ വിപണനത്തിലേക്ക് മാറുകയും ചെയ്തു. വിപണിവിലയുടെ പരമാവധി നേട്ടം ലഭിക്കണമെങ്കിൽ ഉത്പാദിപ്പിക്കുന്ന ഷീറ്റ് മുഴുവൻ ഗുണമേന്മയുള്ളതാകണം.

### ഷീറ്റുറബ്ബർ നിർമാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

അനുവദനീയമായതിലും കൂടിയ അളവിലുള്ള മാലിന്യങ്ങൾ, വേണ്ടത്ര പുകയ്ക്കാത്തതോ ആവശ്യത്തിലുമധികം പുകച്ചതോ ആയ അവസ്ഥ, പൊള്ളൽ,





കുമിളകൾ, കരിഞ്ഞ പാടുകൾ, റീപ്പർമാർക്കുകൾ, വളരെ കൂടിയ അളവിൽ കാണപ്പെടുന്ന റീപ്പർകരി, പൂപ്പൽ എന്നിവയൊക്കെയാണ് ഷീറ്റുറബ്ബറിന്റെ നിലവാരം കുറയാൻ കാരണമാകുന്നത്.

ഷീറ്റുറബ്ബർ നിർമാണത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയെന്ന് നോക്കാം. റബ്ബർമരങ്ങൾ ടാപ്പു ചെയ്ത് പാലൊഴുക്ക് നിലച്ചാലുടൻ തന്നെ ചിരട്ടയിൽ വീണ പാലെടുക്കണം. ചിരട്ടയിൽനിന്ന് പാൽ ചെറിയ തൊട്ടിയിലേക്കും പിന്നീട് വലിയ തൊട്ടിയിലേക്കുമാണ് പകരുന്നത്. എല്ലാ മരങ്ങളിൽനിന്നുമുള്ള പാൽ വലിയ ഒരു തൊട്ടിയിൽ ശേഖരിച്ച് പിന്നീട് സംസ്കരണശാലയിലേക്ക് കൊണ്ടുപോകുന്നു. ശേഖരിച്ചുകഴിഞ്ഞ റബ്ബർപാൽ ഏതാണ്ട് മൂന്നു മണിക്കൂർ ഉറകൂടാതിരിക്കും. അതു കഴിഞ്ഞാൽ പാൽ ഉറകൂടാനുള്ള പ്രവണത കാണിച്ചു തുടങ്ങും. ചില കാലാവസ്ഥയിൽ പാൽ ശേഖരിച്ചു കഴിഞ്ഞാലുടൻ ഉറ കുടാറുണ്ട്. റബ്ബർപാൽ സംസ്കരണത്തിനുമുമ്പ് ഉറകൂടുന്നതിനെ തരിക്കൽ എന്നാണ് പറയുന്നത്. ഇങ്ങനെ ഉറകൂടുന്നത് മികച്ച ഷീറ്റ് ഉണ്ടാക്കുന്നതിന് തടസ്സമാണ്. റബ്ബർപാൽ തരിക്കുന്നതു തടയുന്നതിന് സോഡിയം സൾഫൈറ്റ്, അമോണിയ തുടങ്ങിയ രാസവസ്തുക്കളാണ് ഉപയോഗിക്കുന്നത്. ഷീറ്റുറബ്ബർ ഉണ്ടാക്കുമ്പോൾ സാധാരണമായും ഉപയോഗിക്കുന്നത് സോഡിയം സൾഫൈറ്റ് ആണ്. സോഡിയം സൾഫൈറ്റ് വെള്ളത്തിൽ ലയിപ്പിച്ച് 0.05 ശതമാനം വീര്യം വരത്തക്കവണ്ണം റബ്ബർപാലിൽ ചേർത്താൽ (10 ലിറ്റർ പാലിന് 5 ഗ്രാം സോഡിയം സൾഫൈറ്റ് 100 മി.ലി. വെള്ളത്തിൽ കലർത്തിയത് ചേർത്തിളക്കുക) ഉറനിരോധനശേഷി ഉണ്ടാകും.

തോട്ടത്തിൽനിന്നു സംഭരിച്ച പാൽ സംസ്കരണശാലയിൽ എത്തുമ്പോൾ ആദ്യം അതിന്റെ തൂക്കം നിർണയിക്കണം. അതിനുശേഷം അരിക്കണം. അരിക്കുന്നതിന് രണ്ടുതരത്തിലുള്ള അരിപ്പകൾ ഉപയോഗിക്കണം. 40 മെഷ്, 60 മെഷ് എന്നീ കണ്ണിയകലമുള്ള അരിപ്പകളാണ് ഇതിനുപയോഗിക്കുന്നത്. 40 മെഷ് എന്നു പറഞ്ഞാൽ അരിപ്പയുടെ ഒരിഞ്ചു നീളത്തിൽ 40 സുഷിരങ്ങൾ ഉണ്ടായിരിക്കുമെന്നാണ്. 40 മെഷ് അരിപ്പ മുകളിലും 60 മെഷ് അരിപ്പ താഴെയും വച്ചാണ് പാൽ അരിക്കേണ്ടത്.

റബ്ബർപാലിൽ അടങ്ങിയിരിക്കുന്ന ഉണക്കറബ്ബറിന്റെ അംശത്തിനെ ഡി.ആർ.സി. (ഡ്രൈ റബ്ബർ കണ്ടന്റ്) എന്നാണ് പറയുന്നത്. 100 ഗ്രാം റബ്ബർപാലിൽ ഉണക്കറബ്ബറിന്റെ അംശം എത്ര ഗ്രാം ഉണ്ടോ അതാണ് ഡി.ആർ.സി. ആയി കണക്കാക്കുന്നത്. ഡി.ആർ.സി. പരീക്ഷണശാലയിൽ നിർണയിക്കുക എന്നതാണ് ശരിയായ മാർഗം. എന്നാലിത് എപ്പോഴും പ്രായോഗികമല്ലാത്തതിനാൽ 'മെട്രോലാക്' എന്ന ഉപകരണമാണ് ഡി.ആർ.സി. എളുപ്പത്തിൽ നിർണയിക്കാൻ സാധാരണമായി ഉപയോഗിക്കുന്നത്.

അരിച്ച റബ്ബർപാലിൽ ആവശ്യത്തിനു വെള്ളം ചേർത്തു നേർപ്പിക്കുക എന്നതാണ് ആദ്യപടി. സാമാന്യം കൊഴുപ്പുള്ള പാലാണെങ്കിൽ ഒരു ലിറ്റർ പാലിന് ഒന്നര ലിറ്റർ എന്ന തോതിൽ ശുദ്ധജലം ഒഴിച്ച് നേർപ്പിക്കണം. കൊഴുപ്പു തീരെ കുറഞ്ഞ പാലാണെങ്കിൽ ഒരു ലിറ്റർ പാലിന് ഒരു ലിറ്റർ വെള്ളം എന്ന കണക്കിലും വളരെ



ക്കൂടുതൽ കൊഴുപ്പുള്ള പാലാണെങ്കിൽ ഒരു ലിറ്റർ പാലിന് രണ്ടു ലിറ്റർ എന്ന തോതിലും ശുദ്ധജലം ചേർത്താണ് നേർപ്പിക്കേണ്ടത്.

റബ്ബർപാലിലുള്ള ഉണക്കറബ്ബറിന്റെ അംശം 12.5 മുതൽ 15 വരെ ശതമാനമായി കുറയ്ക്കാനാണ് പാൽ നേർപ്പിക്കുന്നത്. ഇങ്ങനെ നേർപ്പിച്ച പാലിൽനിന്ന് ഉറച്ചെടുക്കുന്ന പാൽക്കട്ടിക്ക് നല്ല മാർദ്ദവമുണ്ടാകും. അത് ഷീറ്റാക്കാനും ഉണക്കിയെടുക്കാനും എളുപ്പമാണ്, നേർപ്പിച്ച പാൽ 10-15 മിനിട്ടു നേരം അനക്കാതെ വയ്ക്കണം. സാന്ദ്രത കൂടിയ മൺതരികളും മറ്റു മാലിന്യങ്ങളും പാത്രത്തിന്റെ അടിയിൽ അടിഞ്ഞുകൂടാൻ ഇത് സഹായിക്കും. അതിനുശേഷം ഈ മിശ്രിതം വൃത്തിയായി കഴുകിവച്ചിട്ടുള്ള അലൂമിനിയം തളികകളിലേക്ക് പകരണം. 500-550 ഗ്രാം വീതം തൂക്കമുള്ള ഷീറ്റുകൾ തയ്യാറാക്കാൻ ഓരോ തളികയിലും നേർപ്പിച്ച പാൽ നാല് ലിറ്റർ വീതം ഒഴിച്ചാൽ മതി.

റബ്ബർപാൽ ഉറകുടുമ്പോൾ കിട്ടുന്ന പാൽക്കട്ടിയുടെ ഉപരിതലത്തിൽ ചിലപ്പോൾ കറുത്തപാടുകൾ കാണാറുണ്ട്. റബ്ബർഷീറ്റിന്റെ ഗുണമേന്മ നിർണയിക്കുന്നതിൽ നിറം ഒരു മുഖ്യഘടകമായതിനാൽ ഇത്തരം കറുത്ത പാടുകൾ ഉണ്ടാകാതെ ശ്രദ്ധിക്കണം. പാൽ നേർപ്പിക്കുമ്പോൾ ആവശ്യമായ അളവിൽ സോഡിയം ബൈ സൾഫൈറ്റ് എന്ന രാസവസ്തു ചേർത്ത് ഇത് തടയാം. ഒരു കിലോഗ്രാം ഉണക്കറബ്ബറിന് ഒരു ഗ്രാം എന്ന തോതിൽ, പാൽ നേർപ്പിക്കാനുപയോഗിക്കുന്ന ശുദ്ധജലത്തിലേക്ക് ഈ രാസവസ്തു ചേർക്കുകയാണ് ചെയ്യുന്നത്.

**ഉറകൂടൽ**

റബ്ബർപാൽ ഉറയ്ക്കാൻ സാധാരണമായി ഉപയോഗിക്കുന്നത് ഫോർമിക് ആസിഡ് ആണ്. ഉറ കൂടുന്നതിന് നിശ്ചിത അളവിൽ നേർപ്പിച്ച ആസിഡ് റബ്ബർ പാലിൽ ചേർക്കണം. വീര്യം കൂടിയ ആസിഡ് ഉപയോഗിച്ചാൽ ഉറകൂടൽ ശരിയായി നടക്കുകയില്ല. ഷീറ്റിൽ അവിടവിടെയായി ഉണങ്ങാത്ത ഭാഗങ്ങൾ ഉണ്ടാകുകയും ചെയ്യും. ആസിഡിന്റെ അളവു കുറഞ്ഞുപോയാൽ ഉറകൂടൽ പൂർണമാകുകയില്ല. പാൽക്കട്ടിയുടെ ഉപരിതലത്തിൽ മഞ്ഞനിറം വന്ന് ദുർഗന്ധം വമിക്കും. ഷീറ്റിൽ അവിടവിടെയായി ധാരാളം ചെറിയ കുമിളകൾ ഉണ്ടാകാനും സാദ്ധ്യതയുണ്ട്.

റബ്ബർപാൽ ഉറകൂട്ടാൻ 0.5 ശതമാനം വീര്യമുള്ള ഫോർമിക് ആസിഡ് മതിയാകും. വിപണിയിൽ നിന്നു ലഭിക്കുന്ന ഫോർമിക് ആസിഡിൽ (85%) 1:100 എന്ന അളവിൽ വെള്ളം ചേർത്താണ് ഇതു തയാറാക്കേണ്ടത്. അന്നന്നു ഷീറ്റടിക്കാനാണങ്കിൽ, 4 ലിറ്റർ നേർപ്പിച്ച റബ്ബർപാലിൽ 200-250 മില്ലി ലിറ്റർ നേർപ്പിച്ച ഫോർമിക് ആസിഡ് ഒഴിച്ചിളക്കണം. അടുത്ത ദിവസമാണ് ഷീറ്റടിക്കുന്നതെങ്കിൽ 150-200 മില്ലി ലിറ്റർ വീതം നേർപ്പിച്ച ആസിഡ് ഓരോ തളികയിലും ഒഴിച്ചാൽ മതി. റബ്ബർ പാൽ ഉറകൂട്ടാൻ നേർപ്പിച്ച ആസിഡ് നിശ്ചിത അളവിൽ പാലിൽ എല്ലാ ഭാഗത്തും വീഴത്തക്കവണ്ണം തൂവി ഒഴിക്കണം. നല്ലതുപോലെ ഇളക്കിയശേഷം മുകളിൽ പൊന്തുന്ന പത, കനം കുറഞ്ഞ തകിടോ മറ്റോ ഉപയോഗിച്ച് വടിച്ചുമാറ്റണം. എല്ലാ തളികകളിലെയും പത മാറ്റിയശേഷം ഓരോ തളികയും ഒന്നിനു മുകളിൽ



ഒന്നായി ഒന്നിടവിട്ട് നീളപ്പാടും വീതിപ്പാടും അടുക്കിവയ്ക്കണം. ഒരു തളികയുടെ മീതെ മറ്റൊരു തളിക വയ്ക്കുമ്പോൾ മുകളിൽ വയ്ക്കുന്ന തളികയുടെ അടിയിൽ ചെളിവെള്ളമോ അഴുക്കോ പറ്റിയിട്ടുണ്ടെങ്കിൽ ഒരു തുണിയുപയോഗിച്ച് തുടച്ചുനീക്കണം. തളികകൾ പോളിത്തീൻ ഷീറ്റുപയോഗിച്ച് മൊത്തമായി മൂടിവയ്ക്കുന്നത് നല്ലതാണ്. അലൂമിനിയം തളികകൾ വയ്ക്കുന്ന തറ നിരപ്പായതായിരിക്കണം. ചരിവുള്ള തറയിൽ വച്ചാൽ പാൽക്കട്ടിയുടെ ഒരു ഭാഗത്ത് കനം കൂടിയും മറുഭാഗത്ത് കനം കുറഞ്ഞും വരും. ഷീറ്റിന്റെ കട്ടിയുള്ള ഭാഗം ഉണങ്ങാൻ താമസം നേരിടുകയും ചെയ്യും.

## ഷീറ്റടിക്കുമ്പോൾ

വൃത്തിയുള്ള തറയിൽ വെള്ളമൊഴിച്ചു നനച്ചശേഷം, പാൽക്കട്ടി അതിലിട്ട് ഒരു റൂൾത്തടികൊണ്ടോ പി.വി.സി. പൈപ്പുകൊണ്ടോ ചെറുതായി പരത്തണം. കൈപ്പത്തി ഉപയോഗിച്ച് പാൽക്കട്ടി പരത്തരുത്. അങ്ങനെ ചെയ്താൽ പാൽക്കട്ടിക്ക് പലഭാഗത്തും പല കനമായിരിക്കും. പരത്തുമ്പോൾ കരടുകളൊന്നും പാൽക്കട്ടിയിൽ പതിയാതിരിക്കാൻ ശ്രദ്ധിക്കണം. പരത്തിയ പാൽക്കട്ടി ആദ്യം മിനുസമുള്ള റോളറിലൂടെ ഒരു തവണ വീതിപ്പാടും മൂന്നു തവണ നീളപ്പാടും കടത്തിവിട്ട് കനം കുറച്ച് ദീർഘചതുരത്തിലുള്ള ഷീറ്റുകളാക്കുകയാണ് ചെയ്യുന്നത്. ഓരോ തവണ കടത്തിവിടുമ്പോഴും മെഷീനിലെ റോളറുകൾ തമ്മിലുള്ള അകലം കുറച്ചുകൊണ്ടുവരണം. ഇങ്ങനെ തയ്യാറാക്കിയ ഷീറ്റുകൾ ഏറ്റവുമൊടുവിൽ മൂന്നു മില്ലിമീറ്റർ കനം കിട്ടത്തക്കവിധം അകലം ക്ലിപ്തപ്പെടുത്തിയ പൊഴികളുള്ള റോളറുകൾക്കിടയിലൂടെ നീളപ്പാട് കടത്തിവിട്ട് പൊഴികൾ പതിപ്പിക്കുകയാണ് ചെയ്യുന്നത്. ഷീറ്റടിക്കുന്ന സമയത്ത് റോളറുകളുടെ മുകളിലേക്ക് ശുദ്ധജലം വീഴത്തക്കവിധമുള്ള ക്രമീകരണം ഉണ്ടായിരുന്നാൽ നന്നായിരിക്കും. റോളറുകളിൽ അടിച്ചെടുത്ത ഷീറ്റുകൾ വെള്ളത്തിലിട്ട് ഉലച്ചു കഴുകണം. ഷീറ്റുകൾക്ക് നിറം കിട്ടാനും ഷീറ്റിൽ ഉണ്ടാകാവുന്ന റബ്ബറിതര വസ്തുക്കൾ, ആസിഡിന്റെ അംശം തുടങ്ങിയവ നീക്കംചെയ്യാനും ഒട്ടൽ ഉണ്ടാകാതിരിക്കാനും പൂപ്പൽ പിടിക്കാതിരിക്കാനും ഇത് സഹായകമാണ്.

## പൂപ്പൽ

മഴക്കാലത്ത് റബ്ബർഷീറ്റുകളിൽ പൂപ്പൽ പിടിക്കാൻ സാധ്യതയുണ്ട്. ഈർപമുള്ള അന്തരീക്ഷത്തിൽ ഷീറ്റുകൾ വച്ചിരുന്നാൽ അവയുടെ ഉപരിതലത്തിൽ പൂപ്പൽ വളരുന്നതു കാരണം ഷീറ്റിന്റെ ഗ്രേഡ് താഴ്ന്നുപോകും. പൂപ്പൽ വരാതിരിക്കാനുപയോഗിക്കുന്ന രാസവസ്തുവാണ് പാരാനൈട്രോഫിനോൾ (പി.എൻ.പി.). റബ്ബർഷീറ്റുകൾ ശുദ്ധജലത്തിൽ കഴുകിയെടുത്തശേഷം 0.05 ശതമാനം വീര്യമുള്ള പാരാനൈട്രോഫിനോൾ ലായനിയിൽ 15-20 മിനിട്ടുനേരം മുക്കിയിടണം. 10 ലിറ്റർ വെള്ളത്തിൽ 5 ഗ്രാം പാരാനൈട്രോഫിനോൾ ലയിപ്പിച്ചെടുത്ത ലായനിയിൽ 500 ഗ്രാം തൂക്കമുള്ള 10 ഷീറ്റുകൾ ഇടാനാകും. അടിച്ചെടുത്ത ഷീറ്റുകൾ തണലിൽ ഇട്ട് വെള്ളം വാർത്തിക്കളഞ്ഞശേഷം അന്നുതന്നെ പുകപ്പുരയിലോ അടുക്കളയിലെ ചിമ്മിനിയിലോ ഇട്ട് പുക കൊള്ളിച്ച് ഉണക്കിയെടുക്കാം. എന്നാൽ വെയിലിൽ മാത്രം ഉണക്കിയെടുത്താൽ ഷീറ്റ് ഉരുകാനിടയുണ്ട്. റബ്ബർഷീറ്റുകൾ പുകപ്പുരയിലിട്ട്, പുകകൊള്ളിച്ച് ഉണക്കുന്നതാണുത്തമം. കാരണം, പുകയിൽ അടങ്ങിയിട്ടുള്ള 'ക്രിയോസോട്ട്' എന്ന രാസവസ്തു പൂപ്പൽ തടയുന്നതിന് സഹായിക്കും.

## പുകപ്പുര

പുകപ്പുരയിലെ ചൂട് 40 മുതൽ 60 വരെ ഡിഗ്രി സെന്റിഗ്രേഡ് ആയിരിക്കണം. ചൂളയിൽ കത്തിക്കുന്ന വിറകിന്റെ അളവ്, വായുസഞ്ചാരത്തിനായി ചൂളയുടെ അടപ്പിൽ നിർമിച്ചിട്ടുള്ള സുഷിരങ്ങളുടെയും പുകപ്പുരയ്ക്കകത്തേക്ക് പുക കയറാനുള്ള കുഴലുകളുടെയും വലുപ്പം എന്നിവയെ ആശ്രയിച്ചാണ് പുകപ്പുരയിലെ താപനില ക്രമീകരിക്കപ്പെടുന്നത്. ചൂട് വളരെ കുറഞ്ഞാൽ ഷീറ്റുകൾ ഉണങ്ങാൻ വൈകും. ചൂടുകൂടിയാൽ ഉണങ്ങിയ ഷീറ്റുകളിൽ കുമിളകളും ഒട്ടലും ഉണ്ടാകും. ഇതെല്ലാം ഷീറ്റിന്റെ ഗുണമേന്മയെ ബാധിക്കും

ചൂട് കുറവ് പുകപ്പുരയുടെ താഴ്ഭാഗത്തും കൂടുതൽ മുകൾഭാഗത്തുമായിരിക്കും. ഷീറ്റുകൾ ആദ്യം കുറഞ്ഞ ചൂടിലും പിന്നീട് കൂടിയ ചൂടിലുമാണ് ഉണക്കേണ്ടത്. അതിനാൽ അടിച്ചെടുത്ത പച്ചഷീറ്റുകൾ ആദ്യം പുകപ്പുരയുടെ താഴത്തെ തട്ടുകളിലിടണം, പിന്നീട് ഓരോ ദിവസം കഴിയുമ്പോൾ അകം പുറം മറിച്ച് മുകൾതട്ടുകളിലേക്കു മാറ്റിയിടണം. ഉണങ്ങിയ ഷീറ്റുകൾ മുകളിലത്തെ തട്ടുകളിൽനിന്നു വേണം പുറത്തെടുക്കാൻ. പുകപ്പുരയിൽ ഷീറ്റുകൾ തൂക്കിയിടുന്ന അഴികളുടെ (റീപ്പർ) പാടുകൾ ഷീറ്റുകളിൽ പതിയരുത്. ഷീറ്റുകൾ ദിവസവും തിരിച്ചും മറിച്ചും സ്ഥാനം മാറ്റിയും ഇട്ടാൽ റീപ്പറിന്റെ പാടുകൾ പതിയുന്നത് ഒഴിവാക്കാം. അഴികൾ ഇടയ്ക്കിടെ തുടച്ചുവൃത്തിയാക്കി അവയിലെ പുകക്കറ നീക്കുകയും വേണം. 500 ഗ്രാം തൂക്കം വരുന്ന ഷീറ്റ് പുകപ്പുരയിൽ സാധാരണമായി മൂന്നുദിവസം കൊണ്ട് ഉണങ്ങിക്കിട്ടും.

ഷീറ്റുറബ്ബറിന്റെ ഗുണമേന്മയനുസരിച്ച് കുറഞ്ഞ ഗ്രേഡ് മുതൽ കൂടിയ ഗ്രേഡ് വരെ ഇന്ന് വിലയിൽ 15-25 രൂപ വ്യത്യാസവുമുണ്ട്. എന്നാൽ മികച്ച ഷീറ്റ് ഉണ്ടാക്കുന്നതിന് പ്രത്യേകിച്ച് അധികച്ചെലവ് ഒന്നുമില്ല. ഇന്ന് വിപണിയിൽ നിലനിൽക്കുന്ന മെച്ചപ്പെട്ട വിലയുടെ പ്രയോജനം പരമാവധി നേടിയെടുക്കാൻ കർഷകർ ഗുണമേന്മയുള്ള ഷീറ്റുനിർമാണത്തിൽ ശ്രദ്ധ ചെലുത്തുന്നത് നന്നായിരിക്കും. •



ചന്ദ്രലേഖ കെ.
ഡെവലപ്മെന്റ് ഓഫീസർ

# പ്ലാസ്റ്റിക് മലിനീകരണനിയന്ത്രണം സുസ്ഥിരകൃഷിക്ക് അനിവാര്യം

നമ്മുടെ നിത്യജീവിതത്തിൽ ഒഴിച്ചുകൂടാനാകാത്ത ഒരു വസ്തുവായി മാറിയിരിക്കുകയാണ് പ്ലാസ്റ്റിക്. ഗാർഹികോപയോഗത്തിന് മാത്രമല്ല, ആധുനിക കൃഷിയിലും വ്യാപകമായി പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗിച്ചുവരുന്നു. ഹരിതഗൃഹഫിലിമുകൾ, തൈകൾ ഉത്പാദിപ്പിക്കാനുപയോഗിക്കുന്ന 'ട്രേകൾ', ജലസേചനപൈപ്പുകൾ, കളനിയന്ത്രണത്തിന് ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഷീറ്റുകൾ, ചെടിച്ചട്ടികൾ, വളച്ചാക്കുകൾ, റൂട്ട് ട്രെയിനർ കപ്പുകൾ, റബ്ബർതോട്ടങ്ങളിൽ ഉപയോഗിക്കുന്ന റെയിൻ ഗാർഡിങ് സാമഗ്രികൾ, ഒട്ടുപാൽ ശേഖരിക്കുന്നതിനുള്ള കൂട, റബ്ബർപാൽ ശേഖരിക്കുന്ന ക്യാനുകൾ, പ്ലാസ്റ്റിക് ചിരട്ട, പ്ലാസ്റ്റിക് വള്ളികൾ, കുട്ടകൾ, ഗംബൂട്ട് എന്നിവയെല്ലാം പ്ലാസ്റ്റിക് വസ്തുക്കളാണ്. താരതമ്യേന വിലക്കുറവ്, ഭാരക്കുറവ്, ഉപയോഗിക്കാനുള്ള എളുപ്പം, വിപണിയിലെ ലഭ്യത എന്നിവ പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ സ്വീകാര്യത കൂട്ടുന്നു. എന്നിരുന്നാലും പ്ലാസ്റ്റിക് വസ്തുക്കളുടെ വ്യാപകമായ ഉപയോഗവും അനുചിതമായ നിർമാർജനവും ലോകമെമ്പാടുമുള്ള കാർഷിക സംവിധാനങ്ങളെ കൂടുതലായി ബാധിക്കുന്ന ഒരു പാരിസ്ഥിതിക വെല്ലുവിളിയായി മാറിയിരിക്കുന്നു.

പ്ലാസ്റ്റിക്മലിനീകരണം ഒരു പ്രാദേശികപ്രശ്നം മാത്രമായി കാണാൻ സാധിക്കുകയില്ല. ഇന്ന് കൃഷിഭൂമിയിൽ പ്ലാസ്റ്റിക് മാലിന്യം അടിഞ്ഞുകൂടുന്നു. മണ്ണിനെയും ജലസ്രോതസ്സുകളെയും മലിനമാക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ മാനവരാശിക്ക് മാത്രമല്ല, പക്ഷിമൃഗാദികളുടെയും ആരോഗ്യത്തിനും ഭീഷണിയാണ്. ഇത് സുസ്ഥിരകൃഷിയെ ദുർബലപ്പെടുത്തുകയും ചെയ്യും.




*റെയിൻഗാർഡിങ്ങിന് ഉപയോഗിച്ച ഷേഡും (ഇടത്ത്) കപ്പുതൈകൾ ഉണ്ടാക്കാൻ ഉപയോഗിച്ച പ്ലാസ്റ്റിക് കപ്പുകളും (വലത്ത്) പുനരുപയോഗത്തിനായി സൂക്ഷിച്ചിരിക്കുന്നു.*

### പ്ലാസ്റ്റിക് ഉപയോഗം കൃഷിയിൽ

കാർഷികരംഗത്ത് വിവിധ ആവശ്യങ്ങൾക്കായി പ്ലാസ്റ്റിക് വസ്തുക്കൾ ഉപയോഗിക്കുന്നു. പ്ലാസ്റ്റിക് ഷീറ്റുകൾ ഉപയോഗിച്ച് പുതയിടുന്നത് കളകളെ നിയന്ത്രിക്കാനും മണ്ണിലെ ഈർപം സംരക്ഷിക്കാനും മണ്ണിന്റെ താപനില നിയന്ത്രിക്കാനും സഹായിക്കുന്നു. ഡ്രിപ്പ് ഇറിഗേഷൻ (തുള്ളിനന) നടത്താൻ ഉപയോഗിക്കുന്ന ട്യൂബുകളെല്ലാം പ്ലാസ്റ്റിക് നിർമിതമാണ്. ഹരിതഗൃഹങ്ങളിൽ പോളി എത്തിലീൻ ഫിലിമുകൾ ഉപയോഗിക്കുന്നതുവഴി ഋതുഭേദങ്ങൾക്കതീതമായി വിളവ് ഉത്പാദിപ്പിക്കാനും മെച്ചപ്പെടുത്താനും സഹായിക്കുന്നു. കൂടാതെ റബ്ബർതോട്ടങ്ങളിലും നഴ്സറികളിലും വിവിധ ആവശ്യങ്ങൾക്കായി പലതരം പ്ലാസ്റ്റിക് ഉത്പന്നങ്ങൾ ഉപയോഗിച്ചുവരുന്നു. കൂലിച്ചെലവ് കുറയ്ക്കാനും ഉത്പാദനക്ഷമത മെച്ചപ്പെടുത്താനും മണ്ണുജലസംരക്ഷണം, കളനിയന്ത്രണം എന്നിവയിൽ ഈ സാങ്കേതിക വിദ്യകളും ഉത്പന്നങ്ങളും ഗണ്യമായ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക്കിന്റെ വിപുലമായ ഉപയോഗം ശരിയായ നിർമാർജനമാർഗങ്ങൾ അവലംബിക്കാത്തതുമൂലം പരിസ്ഥിതിമലിനീകരണപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്.

തുറസ്സായ സ്ഥലത്ത് പ്ലാസ്റ്റിക് കത്തിക്കുക, കുഴിച്ചിടുക അല്ലെങ്കിൽ വയലുകൾ, കൃഷിയിടങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ പ്ലാസ്റ്റിക് നിക്ഷേപിക്കുക തുടങ്ങിയ അനുചിതമായ പ്രവർത്തനരീതികൾ പരിസ്ഥിതി മലിനീകരണത്തിന് കാരണമാകുന്നു. കാലക്രമേണ വലിയ പ്ലാസ്റ്റിക് വസ്തുക്കൾ മൈക്രോപ്ലാസ്റ്റിക് എന്നറിയപ്പെടുന്ന ചെറിയ കണികകളായും നാനോപ്ലാസ്റ്റിക്കായും വിഘടിക്കപ്പെടുന്നു. ഇവ പതിറ്റാണ്ടുകളോ നൂറ്റാണ്ടുകളോ പരിസ്ഥിതിക്ക് ദോഷമുണ്ടാക്കിയേക്കാം.

### പ്ലാസ്റ്റിക് മലിനീകരണവും മണ്ണിന്റെ ആരോഗ്യവും

ആരോഗ്യമുള്ള മണ്ണാണ് ഉത്പാദനക്ഷമമായ കൃഷിയുടെ അടിത്തറ. പ്ലാസ്റ്റിക് മാലിന്യം മണ്ണിന്റെ പ്രവർത്തനങ്ങൾക്ക് ഗുരുതരമായ ഭീഷണി ഉയർത്തുന്നു. പ്ലാസ്റ്റിക് ശകലങ്ങൾ മണ്ണിന്റെ ഭൗതികസവിശേഷതകളെ മാറ്റുകയും ജലകണികകളുടെ ചലനത്തെ ബാധിക്കുകയും ചെയ്യുന്നു. പ്ലാസ്റ്റിക് കണികകൾ അടിഞ്ഞുകൂടുമ്പോൾ അവ വെള്ളവും പോഷകങ്ങളും നിലനിർത്താനുള്ള മണ്ണിന്റെ കഴിവ് കുറച്ച് വരൾച്ചയ്ക്ക് കാരണമായേക്കാം. കൂടാതെ ഇവ സസ്യങ്ങളുടെ വേരുകളുടെ വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നുണ്ട്.

മണ്ണിലെ മിത്രജീവികളായ ബാക്ടീരിയ, കുമിളുകൾ, മണ്ണിരകൾ, മറ്റ് ജീവികൾ എന്നിവ ജൈവപദാർത്ഥങ്ങളുടെ വിഘടനത്തിന് സഹായിക്കുന്നവയാണ്. എന്നാൽ മൈക്രോപ്ലാസ്റ്റിക്കുകൾ ഈ ജൈവസമൂഹങ്ങളുടെ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നു.

പ്ലാസ്റ്റിക്കുകളിൽ അടങ്ങിയിരിക്കുന്ന പല രാസവസ്തുക്കളും മണ്ണിലേക്ക് ഒഴുകിയെത്തുകയും സൂക്ഷ്മജീവികളുടെ പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്യുന്നു. സസ്യങ്ങൾ അവയുടെ വേരുകളിലൂടെ വളരെ ചെറിയ പ്ലാസ്റ്റിക് കണങ്ങളെ ആഗിരണം ചെയ്യുകയും അവ ഭക്ഷ്യയോഗ്യമായ ഭാഗങ്ങളിലേക്ക് പ്രവേശിക്കുകയും ചെയ്താൽ ഉണ്ടാകാവുന്ന അനന്തരഫലങ്ങൾ വളരെ രൂക്ഷമായിരിക്കും. ഈ മേഖലയിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തേണ്ടത് ആവശ്യമാണ്.

### പ്ലാസ്റ്റിക് മാലിന്യങ്ങൾ ജലസ്രോതസ്സുകൾക്ക് ഭീഷണി

തുറസ്സായ സ്ഥലങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കാറ്റിലൂടെയും മഴയിലൂടെയും അരുവികളിലേക്കും നദികളിലേക്കും കുളങ്ങളിലേക്കും മറ്റ് ജലസംഭരണികളിലേക്കും എത്തുന്നു. ജലസേചന



കനാലുകളിൽ പലപ്പോഴും പ്ലാസ്റ്റിക് അവശിഷ്ടങ്ങൾ അടിഞ്ഞുകൂടുന്നത് ജലപ്രവാഹത്തെ തടസ്സപ്പെടുത്തുന്നു. അവയെ നീക്കംചെയ്യാനും വളരെ ബുദ്ധിമുട്ടാണ്. 2018-ൽ കേരളത്തിൽ ഉണ്ടായ പ്രളയസമയത്ത് പല ജല സ്രോതസ്സുകളിലും അടിഞ്ഞുകൂടിയ പ്ലാസ്റ്റിക് അവശിഷ്ട ങ്ങളുടെ ഭീകരദൃശ്യം നമുക്ക് മറക്കാൻ പറ്റാത്ത ഒന്നാണ്.

### പ്ലാസ്റ്റിക് മലിനീകരണം എങ്ങനെ കുറയ്ക്കാം

- അനാവശ്യമായ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കുക എന്നതാണ് ഏറ്റവും ഫലപ്രദമായ പരിഹാരം.
- ഒറ്റത്തവണ ഉപയോഗിക്കാവുന്ന പ്ലാസ്റ്റിക് ഉത്പന്ന ങ്ങൾ പരമാവധി ഒഴിവാക്കുകയും സാധ്യമാകുന്നി ടത്തെല്ലാം ഈടുനിൽക്കുന്നതും പുനരുപയോഗി ക്കാവുന്നതുമായ വസ്തുക്കൾക്ക് മുൻഗണന നൽകുകയും ചെയ്യുക.
- പുനരുപയോഗ, ശേഖരണപരിപാടികൾ പ്രോത്സാ ഹിപ്പിക്കുക.
- റബ്ബർബോർഡുനഴ്സറികളിൽനിന്ന് വാങ്ങിയ കപ്പു തൈകൾ നട്ടതിനുശേഷം കപ്പുകൾ റബ്ബർ ബോർഡ് ഓഫീസുകളിലൊ റബ്ബർബോർഡ് നഴ്സ റികളിലൊ ആവശ്യമായ രേഖകൾ സഹിതം തിരികെ ഏൽപിക്കുകയാണെങ്കിൽ ഒരു കപ്പിന് ഏഴ് രൂപാ നിരക്കിൽ പണം തിരികെ നൽകുന്നതാണ്.
- റബ്ബർതോട്ടങ്ങളിൽ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തു ക്കൾ ഉപയോഗശേഷം തോട്ടത്തിലിടാതെ ശരിയായ രീതിയിൽ ശേഖരിച്ച് നിർമ്മാർജനം ചെയ്യുക.
- തുറസ്സായ സ്ഥലത്ത് പ്ലാസ്റ്റിക് വലിച്ചെറിയുന്നതും കത്തിക്കുന്നതും നിരുത്സാഹപ്പെടുത്തുക. അത് ശിക്ഷാർഹമാണ്.
- ശരിയായ സംഭരണം, വേർതിരിക്കൽ, സംസ്കരണ രീതികൾ എന്നിവ പരിസ്ഥിതിമലിനീകരണം ഗണ്യ മായി കുറയ്ക്കാൻ സഹായിക്കും.
- സാധ്യമായിടത്തെല്ലാം ജൈവവിഘടിതമായ (biodegradable) പരിസ്ഥിതി സൗഹൃദവസ്തുക്കൾ ഉപയോഗിക്കുക.
- മണ്ണിന്റെ ആവാസവ്യവസ്ഥയിലും വിള ഉത്പാദന ത്തിലും ജീവജാലങ്ങളുടെ ആരോഗ്യത്തിലും ഭക്ഷ്യസുരക്ഷയിലും മൈക്രോപ്ലാസ്റ്റിക്കിന്റെ ദീർ ഘകാല പ്രത്യാഘാതങ്ങൾ മനസ്സിലാക്കാൻ കൂടു തൽ ഗവേഷണം ആവശ്യമാണ്.
- പ്ലാസ്റ്റിക് ഇതര സുസ്ഥിര ബദൽ സംവിധാനങ്ങൾ കണ്ടുപിടിക്കുകയും ഉപയോഗിക്കുകയും ചെയ്യുക. സർക്കാരുകളുടെയും വ്യവസായികളുടെയും നിർ ലോഭമായ പിന്തുണ ഉറപ്പാക്കുകയും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പ്രോത്സാഹിപ്പിക്കുക യും ചെയ്യുക.
- പ്രകൃതിജന്യ വസ്തുക്കളുടെ ഉപയോഗം, അവ ഉത്പാദിപ്പിക്കാനുള്ള ഗവേഷണം എന്നിവ ത്വരിത പ്പെടുത്തുക.

ആധുനിക ജനത നേരിടുന്ന ഏറ്റവും വലിയ പാരി സ്ഥിതിക വെല്ലുവിളികളിൽ ഒന്നായി മാറിയിരിക്കുക യാണ് പ്ലാസ്റ്റിക് മൂലമുള്ള മലിനീകരണം. മെച്ചപ്പെട്ട മാലിന്യസംസ്കരണം, പുനരുപയോഗം, ബദൽ സംവി ധാനങ്ങൾ സ്വീകരിക്കൽ, തുടർച്ചയായ ഗവേഷണം എന്നി വയിലൂടെ കാർഷികമേഖലയിൽ പ്ലാസ്റ്റിക് ഉപയോഗം കുറയ്ക്കാനും തദ്വാരാ മലിനീകരണം നിയന്ത്രിക്കാനും കഴിയും. വളരുന്ന ആഗോള ജനസംഖ്യയെ പോറ്റാൻ ഭക്ഷ്യോത്പാദനം കൂട്ടാൻ പരിശ്രമിക്കുമ്പോഴും രാഷ്ട്രം സ്വയംപര്യാപ്തതയെ ലക്ഷ്യം വയ്ക്കുമ്പോഴും പ്ലാസ്റ്റിക് മലിനീകരണത്തെ നേരിടുക എന്നത് സുസ്ഥിരകൃഷി യുടെ കേന്ദ്രബിന്ദുവായി മാറണം. അതിനുള്ള ഉത്തര വാദിത്തം ഓരോ മനുഷ്യനും ചുമലിലേറ്റണം. •



മാത്യു റ്റി.വി.
ഡെപ്യൂട്ടി റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ

4

# ‘ഇൻറോഡ്’ പദ്ധതി ത്രിപുരയിൽ

ഇന്ത്യയിലെ ചെറിയ സംസ്ഥാനങ്ങളിൽ ഒന്നാണ് ത്രിപുര. എന്നാൽ പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിലും കൃഷിവിസ്തൃതിയിലും രണ്ടാം സ്ഥാനമാണ് ഈ ചെറുസംസ്ഥാനത്തിനുള്ളത്. ഇത് അപൂർവമായ ഒരു നേട്ടമായി കാണാവുന്നതാണ്. പരമ്പരാഗത മേഖലയിൽ നിന്നും ഏറെ അകലെയായിട്ടും വടക്കുകിഴക്കൻ മേഖലയിലെ ഒരു ചെറിയ സംസ്ഥാനത്തിന് ഇത്രയും ആധികാരികമായ ഒരു നേട്ടം കൈവരിക്കാനായത് റബ്ബർ ബോർഡും ത്രിപുര ഗവൺമെന്റും പരിമിതമായ വിഭവശേഷി മാത്രമുള്ള ഗോത്ര വർഗ സമൂഹങ്ങളും ചേർന്നുള്ള ഏകോപിത പ്രവർത്തനങ്ങളുടെ ഫലമാണ് എന്നതിൽ സംശയമില്ല.

1960-കളിൽ തന്നെ ത്രിപുരയിൽ റബ്ബർകൃഷി ആരംഭിച്ചിരുന്നു. സംസ്ഥാന ഫോറസ്റ്റ് ഡെവലപ്മെന്റ് ഡിപ്പാർട്ടുമെന്റ് ആണ് ഇവിടെ റബ്ബർകൃഷിക്ക് തുടക്കം കുറിച്ചത്. അതിനുശേഷം സംസ്ഥാനത്തെ ഭൂവിസ്തൃതിയുടെ നല്ലൊരുഭാഗം റബ്ബർകൃഷിയിടങ്ങളായി മാറിയിട്ടുണ്ട്. പ്രതിവർഷം 2200 കോടിയിലധികം രൂപയുടെ റബ്ബർവിൽപന ഇവിടെ നടക്കുന്നതായിട്ടാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. കേരളത്തിന് പുറമേ റബ്ബർ പാർക്കുകൾ സ്ഥാപിച്ചിട്ടുള്ള ഏക സംസ്ഥാനവും ത്രിപുരയാണ്. 2024-25 ലെ കണക്കുകൾ പ്രകാരം 1,30,650 ഹെക്ടർ സ്ഥലത്ത് റബ്ബർകൃഷി വ്യാപിപ്പിച്ചിട്ടുണ്ട്. ഉത്പാദനം 90,700 മെട്രിക് ടണ്ണുമാണ്.

### ഇൻറോഡ് പദ്ധതി

വടക്കുകിഴക്കൻ മേഖലയിലെ ഇതര സംസ്ഥാനങ്ങ

ളെപ്പോലെ ത്രിപുരയും ഇൻറോഡ് പദ്ധതിയുടെ ഭാഗമായി. 'മുഖ്യമന്ത്രിയുടെ റബ്ബർ മിഷൻ' എന്നാണ് ത്രിപുരയിൽ ഈ പദ്ധതിയെ നാമകരണം ചെയ്തത്. പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാന ഗവൺമെന്റ് ഏജൻസികളായ ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് (TWD) ത്രിപുര ട്രൈബൽ ഏരിയ ഓട്ടോണമസ് ഡിസ്ട്രിക്ട് കൗൺസിൽ (TTAADC), ട്രൈബൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ആന്റ് പർട്ടിക്കുലർലി വൾണറബിൾ ട്രൈബൽ ഗ്രൂപ്പ് (TRP & PTG), ത്രിപുര ഫോറസ്റ്റ് ഡെവലപ്മെന്റ് ആന്റ് പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (TFDPC) എന്നീ ഏജൻസികളും റബ്ബർബോർഡിനോടൊപ്പം പങ്കുചേർന്നു.

പദ്ധതിലക്ഷ്യമായ 69,000 ഹെക്ടറിൽ, 30,000 ഹെക്ടർ സ്ഥലത്ത് മേൽപറഞ്ഞ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ റബ്ബർകൃഷി നടത്തണം എന്നതായിരുന്നു 'മുഖ്യമന്ത്രിയുടെ റബ്ബർ മിഷൻ' ലക്ഷ്യമിട്ടിരുന്നത്. അതുപ്രകാരം റബ്ബർബോർഡു മാത്രമായി കൃഷി നടത്തിയിരുന്നത് 39,000 ഹെക്ടറായി പരിമിതപ്പെട്ടു.

പ്രോജക്ട് ഇംപ്ലിമെന്റേഷൻ ഏജൻസികളായി (PIA) തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങൾ കണ്ടെത്തുന്ന ഗുണഭോക്താക്കളുടെ തോട്ടങ്ങളിലെ കൃഷിവ്യാപനം മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗാരന്റി ആക്ടിന്റെ (MGNREGA) പരിധിയിൽപ്പെടുത്തി സംരക്ഷണവേലി കെട്ടുന്നതിനോ ഗുണഭോക്താക്കളുടെ തൊഴിൽ വിഹിതത്തിനുള്ള വേതനമായോ രാസവളത്തിനുള്ള ധനസഹായമായോ അല്ലെങ്കിൽ പലിശരഹിതവായ്പയ്ക്കു സമാനമായ 50,000 രൂപയ്ക്ക് തത്തുല്യമായ സേവനമോ ലഭ്യമാക്കുക എന്നതായിരുന്നു പ്രാഥമികമായി ലക്ഷ്യമിട്ടിരുന്നത്.

എന്നാൽ ഇൻറോഡ് പദ്ധതിയുടെ ഭാഗമായി ഗുണഭോക്താക്കൾക്ക് സൗജന്യമായി നടീൽവസ്തുക്കൾ നൽകുകയും അതിനു പുറമേ MGNREGAയുടെ പരിധിയിൽ സംരക്ഷണവേലി നിർമിക്കുന്നതിനുള്ള ധനസഹായം ലഭിക്കുകയും ചെയ്തു. ഇപ്രകാരം ഓരോ വർഷവും പ്രത്യേക ഗവൺമെന്റ് ഓർഡറുകളിലൂടെ ഗുണഭോക്താക്കളുടെ തോട്ടങ്ങൾക്ക് സംരക്ഷണവേലി നിർമിക്കുന്നതിനുള്ള ധനസഹായം ഗവൺമെന്റ് ഉറപ്പാക്കുകയും ചെയ്തു.

മാത്രമല്ല ഓരോ ഹെക്ടർ തോട്ടത്തിന്റെയും തുടർസംരക്ഷണത്തിനുള്ള ചെലവുകൾ ഗവൺമെന്റ് തന്നെ വഹിക്കുമെന്ന സ്ഥിതിയും സംജാതമായി. ഇപ്രകാരം ഹെക്ടർ ഒന്നിന് സംരക്ഷണവേലിക്കുള്ള ധനസഹായത്തിന് പുറമെ, വളപ്രയോഗത്തിനും തോട്ടപ്പയർ നട്ടുപിടിപ്പിക്കുന്നതിനും സസ്യസംരക്ഷണത്തിനും മാത്രമല്ല ശാസ്ത്രീയമായും ആധുനിക മാനദണ്ഡങ്ങൾക്കനുസരിച്ചും തോട്ടസംരക്ഷണം ഉറപ്പുവരുത്തുന്നതിനുമുള്ള ധനസഹായവും പദ്ധതിയിൽ ഉൾപ്പെടുത്തി. അതോടെ ഒരു ഹെക്ടർ സ്ഥലത്ത് റബർകൃഷി നടത്തുക എന്നത് ഒരു കർഷകനെ സംബന്ധിച്ചിടത്തോളം പൂർണമായും ബാധ്യതരഹിതമായി.

ത്രിപുര ട്രൈബൽ വെൽഫെയർ ഡിപ്പാർട്ടുമെന്റിനെ മറ്റു ഡിപ്പാർട്ടുമെന്റുകളുടെ കീഴിലുള്ള പദ്ധതിപ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനും റബ്ബർബോർഡുമായി സഹകരിച്ച് പദ്ധതിപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനും ചുമതലപ്പെടുത്തി. സർക്കാർ ഇക്കാര്യത്തിൽ നൽകിയിട്ടുള്ള പിന്തുണ തികച്ചും അനുകരണീയവും മാതൃകാപരവുമാണെന്നതിൽ സംശയമില്ല.



'മുഖ്യമന്ത്രിയുടെ റബ്ബർ മിഷൻ' പ്രകാരം ത്രിപുരയിലെ എട്ട് ജില്ലകളിലായി നടന്ന റബ്ബർകൃഷിവികസനത്തിന്റെ വിവരങ്ങൾ പട്ടിക 1-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 1

| ക്രമ നമ്പർ | ഏജൻസിയുടെ പേര് | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1 | റ്റി.എഫ്.ഡി.പി.സി. | 1,114.38 |
| 2 | റ്റി.ആർ.പി. ആന്റ് പി.റ്റി.ജി. | 3,135.81 |
| 3 | റ്റി.ആർ.പി.സി. | 14,830.92 |
| 4 | റ്റി.റ്റി.എ.എ.ഡി.സി. | 15,892.15 |
| 5 | റ്റി.ഡബ്ല്യു.ഡി. | 7,238.35 |
| | **ആകെ** | **42,211.61** |

ത്രിപുരയിലെ വിവിധ റീജിയണൽ ഓഫീസുകളുടെ പരിധിയിൽ ഇൻറോഡ് പദ്ധതി വഴി നടന്ന കൃഷിവികസനത്തിന്റെ വിശദാംശങ്ങൾ പട്ടിക 2-ൽ കൊടുത്തിരിക്കുന്നു.





| പട്ടിക 2 | | |
|---|---|---|
| ക്രമ നമ്പർ | റീജിയണൽ ഓഫീസ് | വിസ്തൃതി (ഹെക്ടർ) |
| 1 | അഗർതല | 1,883.77 |
| 2 | ഉദയ്പൂർ | 4,878.97 |
| 3 | ധർമ്മനഗർ | 6,762.59 |
| 4 | അംബാസ | 7,018.10 |
| 5 | ബിശ്രാംഗഞ്ച് | 2,432.33 |
| 6 | ശാന്തീർ ബസ്സാർ | 4561.77 |
| | **ആകെ** | **27,537.53** |

ഇൻറോഡ് പദ്ധതി പ്രധാനമായും പുതുക്കൃഷിയാണ് ലക്ഷ്യമിട്ടിരുന്നതെങ്കിലും ത്രിപുരയിൽ നേരിയ തോതിൽ ആവർത്തനക്കൃഷിയും നടന്നു. അത്യുത്പാദനശേഷിയുള്ള നടീലിനങ്ങൾ ഉപയോഗിച്ച് കൃഷി നടത്തുകയും ഏകദേശം 1700-ഓളം ഹെക്ടർ സ്ഥലത്തെ റബ്ബർകൃഷി നവീകരിക്കുകയും ചെയ്തു.

### ത്രിപുരയുടെ മാതൃക

ഇൻറോഡ് പദ്ധതി റബ്ബർബോർഡും ആത്മയും കേന്ദ്ര ഗവൺമെന്റും സഹകരിച്ചു നടത്തുന്ന ഒരു സംയോജിതപദ്ധതി ആണെങ്കിലും നാലാമതൊരു പദ്ധതി പങ്കാളിത്തത്തിന് ത്രിപുര ഗവൺമെന്റ് തയ്യാറാവുകയും MGNREGA-യുമായി സംയോജിപ്പിച്ച് കർഷകർക്ക് കൂടുതൽ ധനസഹായം എത്തിച്ചുകൊണ്ട് വടക്കുകിഴക്കൻ മേഖലയിലെ ഇതര ഗവൺമെന്റുകൾക്ക് ത്രിപുര മാതൃക ആകുകയും ചെയ്തു.

ത്രിപുര ഗവൺമന്റിനു കീഴിലുള്ള ആറ് ഡിപ്പാർട്ടുമെന്റുകളെ ഏകോപിപ്പിച്ച് പദ്ധതി നടപ്പിലാക്കിയതുവഴി 'മൾട്ടി ലെവൽ കൊളാബൊറേറ്റീവ് പ്രോജക്ട് ഇംപ്ലിമെന്റേഷൻ മോഡ്' (multilevel collaborative project implementation mode) എന്ന ഒരു സാധ്യത സൃഷ്ടിക്കപ്പെട്ടു എന്നതും ശ്ലാഘനീയമാണ്. റബ്ബറധിഷ്ഠിത വ്യവസായവികസനത്തിനും ഇത്തരമൊരു സാധ്യത പ്രയോജനപ്പെടുത്താവുന്നതാണ്.

പരിമിതമായ വിഭവങ്ങൾ മാത്രമുള്ള ഒരു ചെറുസംസ്ഥാനമാണ് ത്രിപുര. എന്നാൽ ഈ പരിമിതികളെയൊക്കെ മറികടന്ന് സാധാരണക്കാരായ ജനങ്ങളെ സ്ഥിരവരുമാനമുള്ളവരും വിഭവശേഷിയുള്ളവരും ആക്കുന്നതിന് ഏറ്റവും യോജിച്ചത് റബ്ബർകൃഷിക്ക് പ്രാധാന്യം നൽകുക എന്നതാണെന്ന് ത്രിപുര ഗവൺമെന്റ് വർഷങ്ങൾക്ക് മുൻപേ മനസ്സിലാക്കി എന്നതും റബ്ബർബോർഡിന് പരിപൂർണമായ പിന്തുണ നൽകി എന്നതും ശ്ലാഘനീയമാണ്. അങ്ങനെ ഈ സംസ്ഥാനത്തെയാകെ പരിപോഷിപ്പിക്കാനും ജനങ്ങളെ വളർച്ചയിലേക്ക് കൊണ്ടുവരാനും റബ്ബറിനു സാധിച്ചു.

*(തുടരും)* ●

# ഫ്രീഡം റബ്ബർനഴ്സറിയിലെ തൈവിതരണം ഉദ്ഘാടനം ചെയ്തു




റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെയും ജയിൽ വകുപ്പിന്റെയും ശ്രമഫലമായി നെട്ടുകാൽത്തേരിയിലെ തുറന്ന ജെയിലിൽ തുടങ്ങിയ റബ്ബർനഴ്സറിയിലെ തൈകളുടെ വിതരണം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ബെഥനിപുരം റബ്ബറുത്പാദകസംഘം പ്രസിഡന്റ് ജോഷി ജോണിന് റബ്ബർതൈ നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.

ഗുണമേന്മക്കുള്ള അംഗീകാരമായി നഴ്സറിക്ക് റബ്ബർബോർഡു നൽകുന്ന സർട്ടിഫിക്കറ്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. ജയിൽ അധികൃതർക്ക് കൈമാറി. ചടങ്ങിൽ വച്ച് റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ ചുമതല വഹിച്ചിരുന്ന ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമൽ കുമാറിനെ ആദരിച്ചു. ജയിൽ ഉദ്യോഗസ്ഥരായ ഉണ്ണികൃഷ്ണൻ വി.എസ്. (ജോയിന്റ് സൂപ്രണ്ട്), സൂര്യജിത്ത് എം.എസ്. (വെൽഫെയർ ഓഫീസർ), സജി ജേക്കബ്ബ് (സ്റ്റോർ കീപ്പർ), അജിത് സിംഗ് ഡബ്ല്യു.ആർ. (അഗ്രിക്കൾച്ചർ ഓഫീസർ) എന്നിവരും മറ്റ് ജയിൽ ജീവനക്കാരും അന്തേവാസികളും ചടങ്ങിൽ പങ്കെടുത്തു.

റബ്ബർബോർഡിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസിന്റെ നേതൃത്വത്തിലാണ് ജയിലിൽ നഴ്സറി തുടങ്ങുന്നതിനു വേണ്ട സാങ്കേതിക നിർദ്ദേശകളും അന്തേവാസികൾക്ക് നഴ്സറി ജോലികളിൽ വേണ്ട പരിശീലനവും നൽകിയത്. റബ്ബർബോർഡിന്റെ പരീക്ഷണത്തോട്ടത്തിൽ നിന്ന് കൊണ്ടുവന്ന ഗുണമേന്മയുള്ള ഒട്ടുകമ്പുകൾ ഉപയോഗിച്ച് ബഡ്ഡുചെയ്ത തൈകളാണ് ബഡ്ഡുവുഡ് നഴ്സറി ഉണ്ടാക്കുന്നതിനായി ഉപയോഗിച്ചത്. ജയിലിലെ കൃഷി ഓഫീസർ അജിത് സിംഗിന്റെ മേൽനോട്ടത്തിലാണ് നഴ്സറിയുടെ പ്രവർത്തനങ്ങൾ നടക്കുന്നത്.

ഈ നഴ്സറിയിൽനിന്നുള്ള തൈകൾ ആവശ്യമുള്ളവർ താഴെക്കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.

*അജിത് സിങ്*
*കൃഷി ഓഫീസർ*
*നെട്ടുകാൽത്തേരി തുറന്ന ജെയിൽ*
*ഫോൺ : 8075092070*



വിക്ടർ ജോർജ്



കുര്യൻ കെ തോമസ്

## റബ്ബർമേഖല

# വിക്ടർ ജോർജിനെ ഓർക്കുമ്പോൾ...

ജൂലൈ ഒൻപത്, കേരളത്തിനു ദുഃഖകരമായ ആ മൺസൂൺ ദിനത്തിന്റെ ഇരുപത്തിയഞ്ചാം വാർഷികം. 2001 ജൂലൈ 9-ന് ഇടുക്കി തൊടുപുഴയ്ക്കടുത്തു വെണ്ണിയാനി മലയിൽ ഉണ്ടായ ഉരുൾപൊട്ടലിന്റെ ദൃശ്യങ്ങൾ പകർത്തുന്നതിനിടയിലായിരുന്നു മലയാള മനോരമയുടെ ചീഫ് ന്യൂസ് ഫോട്ടോഗ്രാഫറായിരുന്ന വിക്ടർ ജോർജ് പ്രകൃതിയുടെ രൗദ്രഭാവപ്പകർച്ചയിൽ മണ്ണിൽ മറഞ്ഞത്.

വിക്ടർ ജോർജ്, പ്രകൃതിയുടെയും മനുഷ്യന്റെയും അതിജീവനം സൂക്ഷ്മ ഭാവവൈവിധ്യങ്ങളിലൂടെ അനശ്വരചിത്രങ്ങളാക്കിയ കലാകാരനാണ്. അദ്ദേഹത്തിന്റെ അമൂല്യശേഖരത്തിൽ റബ്ബർമേഖലയെ പ്രതിനിധാനം ചെയ്യുന്ന ഏതാനും ചിത്രങ്ങളും ഉൾപെടുന്നു.

ജനനം 1955 ഏപ്രിൽ 10-ന് കോട്ടയം ജില്ലയിലെ കാണക്കാരിയിൽ. കുറവിലങ്ങാട് ദേവമാതാ കോളേജിൽ ഇംഗ്ലീഷ് സാഹിത്യത്തിൽ ബിരുദപഠനം. 1981-ൽ ഫോട്ടോഗ്രാഫറായി മലയാള മനോരമയിൽ. 1985-1990 കാലയളവിൽ ഡൽഹി ബ്യൂറോയിൽ ജോലിയിലിരിക്കെ ഡൽഹി നാഷണൽ ഗെയിംസിൽ (1986) പ്രശസ്ത നീന്തൽ താരങ്ങളായ അനിത സൂദ്, കവിത സൂദ് സഹോദരിമാരുടെ അമ്മ, ഗാലറിയിലിരുന്നു മക്കളെ ആവേശത്തോടെ പ്രോത്സാഹിപ്പിക്കുന്ന ചിത്രവും കൊൽക്കത്ത സാഫ് ഗെയിംസിൽ (1989) ഇന്ത്യൻ റിലേ ടീം ബാറ്റൺ താഴെയിട്ട നിമിഷത്തിന്റെ ചിത്രവും വിക്ടറിന് വലിയ അംഗീകാരങ്ങൾ നേടിക്കൊടുത്തു.

വാർത്താചിത്രങ്ങളിൽനിന്ന് വ്യത്യസ്തമായി 'ഭാഷാപോഷിണി' സാഹിത്യമാസികയ്ക്കുവേണ്ടി അദ്ദേഹം ക്യാമറയിലാക്കിയ മലയാളത്തിലെ പ്രമുഖ

## വിക്ടർ ജോർജ് പകർത്തിയ റബ്ബർതോട്ടത്തിന്റെ ചില ചിത്രങ്ങൾ



*ചിത്രം 1*



*ചിത്രം 2*



*ചിത്രം 3*

കവികളുടെയും നോവലിസ്റ്റുകളുടെയും ചിത്രകാരന്മാരുടെയും ചിരിയും ചിന്തയും ചിന്താക്കുഴപ്പവുമെല്ലാം ഫ്രെയിമുകളിൽ സ്വാഭാവികതയോടെ തെളിഞ്ഞ ക്യാൻഡിഡ് പോർട്രെയ്റ്റുകളാണ്.

മഴയുടെ ഭാവവൈവിദ്ധ്യങ്ങൾ ചിത്രങ്ങളിലാക്കി വിക്ടർ മലയാളികളുടെ മഴയെ പ്രണയിച്ച ഫോട്ടോഗ്രാഫറായി. ഒടുവിലൊരു ഉരുൾപൊട്ടലിൽ നടക്കുന്നൊരു ഓർമയായി. വിക്ടറിന്റെ ഒന്നാം ചരമ വാർഷികത്തോടനുബന്ധമായി മലയാള മനോരമ 2002-ൽ പ്രസിദ്ധീകരിച്ച 'ഇറ്റ്സ് റെയ്നിങ്' (It's Raining) എന്ന ചിത്രപുസ്തകത്തിലെയും മനോരമ ഓൺലൈൻ സൈറ്റുകളിലെയും മഴച്ചിത്രങ്ങളിൽ മനുഷ്യന്റെ പ്രകൃതിയുമായ സഹവാസവും അതിജീവനവുമാണ് വിക്ടർ ചിത്രങ്ങളുടെ സൂഷ്മ ഭാവധാര. മഴ അവിടെ വെറുമൊരു കാലാവസ്ഥാ പ്രതിഭാസമല്ല, മറിച്ച് അതൊരു ജൈവിക സാന്നിദ്ധ്യമാണ്.

വിക്ടറിന്റെ ചിത്രശേഖരത്തിൽ റബ്ബർ തോട്ടങ്ങളിലെ മഴക്കാലടാപ്പിങ്ങിന് അനിവാര്യമായ റെയിൻഗാർഡിങ്ങിന്റെ മൂന്ന് ചിത്രങ്ങളുമുണ്ട്. ആദ്യ രണ്ടു ചിത്രങ്ങൾ (ചിത്രം 1, 2) 'ഇറ്റ്സ് റെയിനിങ്' എന്ന കോഫി ടേബിൾ ബുക്കിലെയാണ്. മനോരമ ഓൺലൈൻ സൈറ്റിൽ (ചിത്രം 3) റബ്ബർമരങ്ങളിൽ സുതാര്യമായ പ്ലാസ്റ്റിക് പാവാടയിട്ട് വെട്ടുപട്ട സംരക്ഷിക്കുന്ന റെയിൻഗാർഡിങ്ങിന്റെ ഒരു ചിത്രവുമുണ്ട്. റബ്ബർമരത്തിന്റെ തായ്ത്തടിയിൽകൂടി ഒഴുകിയിറങ്ങുന്ന മഴവെള്ളം വെട്ടുപട്ടയിലേക്ക് (Tapping Panel) ഒലിച്ചിറങ്ങാതിരിക്കാൻ പ്ലാസ്റ്റിക് ഷീറ്റുകൾ വെട്ടുചാലിനു മുകളിലായി രണ്ടറ്റത്തേക്കും അൽപം കടത്തി തേച്ചിരിക്കുന്ന പശയ്ക്കു മുകളിൽ പാവാട പോലെ ഞൊറിഞ്ഞു പിടിപ്പിച്ചിരിക്കുന്നു. വെട്ടുചാലിനു മുകളിൽ ഒരു പാവാടപോലെ പോളിത്തിൻ ഷീറ്റ് പിടിപ്പിക്കുന്ന രീതി മഴവെള്ളം വീഴാതെ റബ്ബറിന്റെ വെട്ടുപട്ടയ്ക്കും റബ്ബർപാൽ ശേഖരിക്കുന്ന ചിരട്ടയ്ക്കും സംരക്ഷണകവചം തീർക്കുന്നു.

റെയിൻഗാർഡുകൾ മൺസൂൺകാലത്തെ മഴയ്ക്കിടയിലും ടാപ്പിങ്ങും വിളവെടുപ്പും സാദ്ധ്യമാക്കുന്നു. ഈ വിക്ടർചിത്രങ്ങൾ കേരളത്തിലെ സാധാരണ റബ്ബർ കർഷകരുടെ ഉപജീവനം മാത്രമല്ല അതിജീവനംതന്നെ സാധ്യമാക്കുന്ന ഒരു കണ്ടെത്തലിന്റെ സാക്ഷ്യങ്ങളാകുന്നു.

പ്രകൃതിയുടെയും മനുഷ്യന്റെയും സൂക്ഷ്മഭാവങ്ങളായ വിക്ടർചിത്രങ്ങൾക്കൊപ്പം റബ്ബർവ്യവസായത്തിന്റെ അതിജീവന വഴിയിൽ തെളിയുന്ന നിറമുള്ള ഓർമപ്പെടുത്തലുകളാണ് അദ്ദേഹത്തിന്റെ റെയിൻഗാർഡ് ചിത്രങ്ങളും.

അനശ്വരകലാകാരന് ആദരാഞ്ജലികൾ.

*(ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ മുൻ പബ്ലിക്കേഷൻ ഓഫീസറും മഹാത്മാഗാന്ധി സർവ്വകലാശാലയിലെ മുൻ പബ്ലിക്കേഷൻ ഡയറക്ടറുമാണ് ലേഖകൻ.)*

•



ബ്ലെസ്സി ജോസ്
മാനേജിങ് ഡയറക്ടർ, പെരിയാർ ലാറ്റക്സ് ലിമിറ്റഡ്

# പെരിയാർ ലാറ്റക്സ് കമ്പനിയുടെ ഡ്രോൺ സ്പ്രേയിങ്

റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും സംയുക്ത ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന, മുവാറ്റുപുഴ ആസ്ഥാനമായുള്ള പെരിയാർ ലാറ്റക്സ് കമ്പനിക്ക് നൂതന സാങ്കേതികവിദ്യയായ ഡ്രോൺ ഉപയോഗിച്ചുള്ള മരുന്നുതളി ചെറുകിട കർഷകരുടെ തോട്ടങ്ങളിൽ നടപ്പാക്കുന്നതിന് സാധിച്ചു. അകാലിക ഇലകൊഴിച്ചിൽ പോലെയുള്ള ഇലരോഗങ്ങളെ ചെറുക്കാൻ ഇതിലൂടെ കർഷകർക്കു കഴിഞ്ഞു.

2025 മെയ് മാസത്തിൽ തന്നെ, നാല് റബ്ബറുത്പാദകസംഘങ്ങളിലെ 40.5 ഹെക്ടർ സ്ഥലത്ത് ഡ്രോൺ ഉപയോഗിച്ച് വിജയകരമായി സ്പ്രേയിങ് നടത്താൻ കമ്പനിക്ക് കഴിഞ്ഞു. ഈ വർഷവും ഇതുവരെ, അഞ്ച് റബ്ബറുത്പാദകസംഘങ്ങളിലൂടെ സാധാരണക്കാരായ റബ്ബർകർഷകരുടെ 100 ഹെക്ടർ തോട്ടത്തിൽ മരുന്നുതളി നടത്താൻ പെരിയാർ ലാറ്റക്സ് കമ്പനിക്ക് സാധിച്ചു. ഡ്രോൺ ഉപയോഗിച്ചുള്ള മരുന്നുതളി കമ്പനി തുടർന്നുകൊണ്ടിരിക്കുന്നു.

കൂടുതൽ കർഷകർ ഡ്രോൺ സ്പ്രേയിങ്ങിനു സന്നദ്ധരായി മുമ്പോട്ടുവരുന്നുണ്ട്. എല്ലാ കർഷകരുടെയും തോട്ടങ്ങളിൽ സമയബന്ധിതമായി മരുന്നുതളി നടത്താൻ ആവശ്യമായ ഡ്രോണുകൾ ലഭ്യമല്ല എന്നത് ഇതിനു ഒരു വലിയ വെല്ലുവിളിയാണ്. ചെറുകിടതോട്ടങ്ങൾ തമ്മിൽ കൂടുതൽ അകലമുള്ളതും തോട്ടങ്ങളുടെ വിസ്തൃതിക്കുറവും ഇതിനുള്ള മറ്റു ബുദ്ധിമുട്ടുകളാണ്. സ്പ്രേയിങ്ങിനുള്ള ഡ്രോണുകൾ എല്ലാം തന്നെ ഈ ചുരുങ്ങിയ കാലയളവിൽ വൻകിട തോട്ടങ്ങളിൽ സ്പ്രേയിങ്ങിന് ഉപയോഗിക്കുന്നതിനാൽ ചെറുകിട തോട്ടത്തിലെ സ്പ്രേയിങ്ങിന് ലഭ്യമാകാതെവരുന്നു.







ഡ്രോൺ സ്പ്രേയിങ്ങിന്റെ ഏറ്റവും വലിയ നേട്ടം കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ സ്ഥലങ്ങളിൽ മരുന്നുതളിക്കാൻ കഴിയുന്നതാണ്. ഒരു ഹെക്ടർ സ്ഥലത്ത് സ്പ്രേയിങ് നടത്താൻ ഏകദേശം 6 മുതൽ 7 വരെ മിനിറ്റ് മാത്രമേ ആവശ്യമായുള്ളൂ. റബ്ബർ ബോർഡ് ശുപാർശ ചെയ്യുന്നതനുസരിച്ച് 4 കിലോഗ്രാം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേഓയിലിൽ കലർത്തി ഒരു ഹെക്ടർ സ്ഥലത്ത് ഫലപ്രദമായി മരുന്നുതളിക്കാനാകും. ഇതുവഴി മരുന്നിനും തൊഴിലാളികളുടെ കൂലിയിനത്തിലുമുള്ള ചെലവ് ഗണ്യമായി കുറയ്ക്കാൻ സാധിക്കുന്നു. ഒരു ഹെക്ടർ റബ്ബർതോട്ടത്തിൽ സ്പ്രേ ചെയ്യാൻ ഡ്രോൺ വാടക ഏതാണ്ട് 2000 രൂപ മതിയാകും. ഡ്രോൺ ഉപയോഗിച്ച് സ്പ്രേയിങ് നടത്തുമ്പോൾ മരുന്നു തളിക്കേണ്ട സ്ഥലങ്ങൾ കൃത്യമായി മാർക്ക് ചെയ്ത് സ്പ്രേ ചെയ്യുന്നതുവഴി മരുന്ന് പാഴാകുന്നത് കുറയ്ക്കാനും സാധിക്കുന്നു. അകാലിക ഇലകൊഴിച്ചിൽ ഉൾപ്പെടെയുള്ള ഇലരോഗങ്ങളെ ഫലപ്രദമായി നിയന്ത്രിക്കുന്നതിലൂടെ റബ്ബറിന്റെ ഉത്പാദനക്ഷമത വർധിപ്പിക്കാനും സാധിക്കും. ഈ ഗുണങ്ങൾ പരിഗണിക്കുമ്പോൾ, ഡ്രോൺ സ്പ്രേയിങ് ഭാവിയിൽ റബ്ബർകർഷകർക്ക് വ്യാപകമായി സ്വീകരിക്കാവുന്ന ഫലപ്രദവും സാമ്പത്തികമായി ലാഭകരവുമായ ഒരു സാങ്കേതികവിദ്യയായി മാറുമെന്നതിൽ സംശയമില്ല.

കർഷകരിൽ നിന്ന്, റബ്ബറുത്പാദകസംഘങ്ങളിലൂടെ റബ്ബർപാൽ സംഭരിച്ചു വിപണനം ചെയ്യുന്നതാണ് പെരിയാർ ലാറ്റക്സ് കമ്പനിയുടെ മുഖ്യ പ്രവർത്തനം. റബ്ബർപാലിലെ ഉണക്കറബ്ബറിന്റെ അംശം (ഡി.ആർ.സി.-Dry Rubber Content) പരിശോധിക്കുന്നതിന് റബ്ബർ ബോർഡിന്റെ അംഗീകാരമുള്ള ലബോറട്ടറിയും കമ്പനിയിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ റബ്ബർ തോട്ടങ്ങളിലെ സസ്യസംരക്ഷണ പ്രവർത്തനങ്ങൾക്കാവശ്യമായ വിവിധ ഉത്പന്നങ്ങൾ റബ്ബറുത്പാദകസംഘങ്ങൾ വഴി കർഷകരിലേക്ക് എത്തിക്കുന്നതിലും കമ്പനി നിർണായക പങ്കുവഹിക്കുന്നു.

കൂടുതൽ വിവരങ്ങൾക്ക് - ഫോൺ:0485-2836252 ●

## റബ്ബർടാപ്പർമാർക്കുള്ള ഇൻഷ്വറൻസ് പദ്ധതി- ജൂലൈ പതിനഞ്ചു വരെ പുതുക്കാം



റബ്ബർടാപ്പിങ്തൊഴിലാളികൾക്കായി റബ്ബർ ബോർഡ് 2011-12 വർഷത്തിൽ ആരംഭിച്ച ഗ്രൂപ്പ് ലൈഫ് ഇൻഷ്വറൻസ് കം ടെർമിനൽ ബെനിഫിറ്റ് പദ്ധതിയിൽ (GLITBS) ചേർന്നിട്ടുള്ളവർ ജൂലൈ മാസം പതിനഞ്ചാം തീയതിക്കു മുമ്പായി അതതു പ്രദേശത്തെ റബ്ബർബോർഡ് റീജിയണൽ ഓഫീസിൽ ഈ വർഷത്തെ വിഹിതം അടച്ച് പോളിസി പുതുക്കേണ്ടതാണ്. പദ്ധതി പ്രകാരം ഓരോ അംഗത്തിനും സ്വാഭാവിക മരണം സംഭവിച്ചാൽ ഒരു ലക്ഷം രൂപയുടേയും അപകടമരണം സംഭവിച്ചാൽ അഞ്ചു ലക്ഷം വരെ രൂപയുടെയും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കും.

പദ്ധതിയിൽ അംഗങ്ങൾ ആയിട്ടുള്ളവർക്ക് അപേക്ഷാഫോറം റബ്ബർബോർഡിന്റെ കോട്ടയത്തെ കേന്ദ്ര ഓഫീസിലെ തൊഴിലാളി ക്ഷേമവിഭാഗത്തിൽ നിന്നും അയച്ചിട്ടുള്ളതാണ്. ഇതുവരെ ഫോറം ലഭിക്കാത്തവർ അതത് റീജിയണൽ ഓഫീസുകളുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2301231 (എക്സ്റ്റൻഷൻ നമ്പർ -336) എന്ന ഫോൺനമ്പരിൽ ബന്ധപ്പെടുക.



നിർമ്മൽ കുമാർ എസ്.
ഡെവലപ്മെന്റ് ഓഫീസർ (റിട്ട.)

ദീപാ സുകുമാർ
ഫീൽഡ് ഓഫീസർ

# തരിശുമണ്ണിൽ തളിരിടുന്ന ഹരിതവിപ്ലവം

എല്ലാ വർഷവും ജൂൺ അഞ്ച് ലോകപരിസ്ഥിതിദിനമായി ആചരിക്കുന്നു. പരിസ്ഥിതി സംരക്ഷണത്തെക്കുറിച്ച് അവബോധം ഉണർത്തുന്നതിനും കർമോന്മുഖമായ ചുവടുവെയ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി 1972-ൽ സ്റ്റോക്ക്ഹോം സമ്മേളനത്തെത്തുടർന്ന് ഐക്യരാഷ്ട്രസഭ ആരംഭിച്ചതാണിത്. ഇന്ന് 143-ലധികം രാജ്യങ്ങളിലെ ജനങ്ങൾ ഇത് വളരെ പ്രാധാന്യത്തോടെ ആചരിക്കുന്നു.

ആദ്യകാലത്ത് 'ഒരു ഭൂമി മാത്രം' എന്ന വിശാലമായ സന്ദേശമാണ് ലോക പരിസ്ഥിതി ദിനം മുന്നോട്ടുവച്ചിരുന്നത്. എന്നാൽ ഇന്ന് ആവാസവ്യവസ്ഥകളുടെ പുനരുദ്ധാരണം, ജൈവവൈവിധ്യ സംരക്ഷണം, പ്ലാസ്റ്റിക് മലിനീകരണനിയന്ത്രണം, ഭൂമിയുടെ നാശനം തടയൽ, കാലാവസ്ഥാവ്യതിയാനത്തെ നേരിടൽ തുടങ്ങിയ അടിയന്തരപ്രാധാന്യമുള്ള വിഷയങ്ങളിലേക്കാണ് ഈ ദിനാചരണം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

2026-ലെ ലോക പരിസ്ഥിതിദിനാചരണത്തിന്റെ പ്രസക്തി ഏറെയാണ്. ആഗോള ശരാശരി താപനിലയുടെ വർധന 1.5 ഡിഗ്രി സെൽഷ്യസ് എന്ന നിർണായക പരിധിയിലേക്ക് അടുക്കുകയാണ്. സമുദ്രജലത്തിന്റെ താപനില ഉയരുന്നതോടെ പവിഴപ്പുറ്റുകൾ വ്യാപകമായി നശിക്കുന്നു. ദക്ഷിണേഷ്യ ഉൾപ്പെടെ ലോകത്തിന്റെ പല ഭാഗങ്ങളിലും ക്രമമല്ലാത്ത തോതിലാണ് മഴ ലഭിക്കുന്നത്.

### വായുമലിനീകരണം

വായുമലിനീകരണം മനുഷ്യന്റെ ആരോഗ്യത്തിന് ഗുരുതരഭീഷണിയായി മാറിയിരിക്കുന്നു. നഗരങ്ങളിലെ



*റബ്ബർതൈ നടീലിന്റെ ഉദ്ഘാടനം റബ്ബർബോർഡിലെ മുൻ ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമ്മൽകുമാർ നിർവ്വഹിക്കുന്നു.*

വായു ശ്വസിക്കാൻ കഴിയാത്തവിധം മലിനമായിക്കൊണ്ടിരിക്കുന്നു. വായുമലിനീകരണം മൂലം ഓരോ വർഷവും ലക്ഷക്കണക്കിനാളുകൾ മരണപ്പെടാൻ ഇടയാകുന്നു എന്ന് ലോകാരോഗ്യസംഘടന ചൂണ്ടിക്കാട്ടുന്നു. ഫോസിൽ ഇന്ധനങ്ങളുടെ അമിത ഉപയോഗം, വാഹനങ്ങളിൽ നിന്നുള്ള പുക, വ്യവസായ സ്ഥാപനങ്ങളിൽ നിന്നുള്ള മാലിന്യങ്ങൾ പുറന്തള്ളൽ, കൃഷി അവശിഷ്ടങ്ങൾ കത്തിക്കൽ തുടങ്ങിയവ അന്തരീക്ഷത്തെ ഗുരുതരമായി മലിനമാക്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായി മനുഷ്യാരോഗ്യത്തിന് ഹാനികരമായ നിരവധി വിഷാംശങ്ങളും സൂക്ഷ്മകണങ്ങളും വായുവിൽ കലരുന്നു. ദക്ഷിണേഷ്യയിലെ പല നഗരങ്ങളിലുമുള്ള കുട്ടികൾ ശുദ്ധവായു ലഭിക്കാതെ ഇത്തരം മലിനവായു ശ്വസിച്ചാണ് വളർന്നുവരുന്നത്. ഇത് അവരുടെ ശാരീരിക വളർച്ചയെയും ശ്വാസകോശാരോഗ്യത്തെയും ബാധിക്കുന്നു

### ജലമലിനീകരണം

ജലമലിനീകരണം പാരിസ്ഥിതിക പ്രതിസന്ധിയെ കൂടുതൽ രൂക്ഷമാക്കുന്നു. വ്യവസായശാലകളിൽ നിന്നുള്ള മാലിന്യ നിർഗമനം, കൃഷിയിടങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന കീടനാശിനികളുടെയും രാസവളങ്ങളുടെയും അവശിഷ്ടങ്ങൾ, ശുദ്ധീകരിക്കപ്പെടാത്ത മലിനജലം, മൈക്രോപ്ലാസ്റ്റിക് വ്യാപനം എന്നിവ നദികളെയും തടാകങ്ങളെയും ഭൂഗർഭ ജലസ്രോതസ്സുകളെയും വ്യാപകമായി മലിനമാക്കിക്കൊണ്ടിരിക്കുന്നു.

### മണ്ണിന്റെ ശോഷണം

ഒരുകാലത്ത് സൂക്ഷ്മജീവികളുടെ സമൃദ്ധിയാലും ഈർപ്പത്താലും സമ്പന്നമായിരുന്ന മണ്ണ് ഇന്ന് പല സ്ഥലങ്ങളിലും ഫലഭൂയിഷ്ഠത നഷ്ടപ്പെട്ട് തരിശുഭൂമിയായി മാറിക്കൊണ്ടിരിക്കുകയാണ്. അനധികൃത വനനാശനം, അനിയന്ത്രിതമായ ഖനന-ക്വാറി പ്രവർത്തനങ്ങൾ, നഗരവൽകരണവും കോൺക്രീറ്റ് നിർമാണങ്ങളുടെ വ്യാപനവും മണ്ണിന്റെ സ്വാഭാവികഘടനയെയും ഉത്പാദനശേഷിയെയും ഗുരുതരമായി ബാധിക്കുന്നു. ഇതിന്റെ ഫലമായി മണ്ണ് ക്രമേണ ജീവൻ നഷ്ടപ്പെട്ട ഒരു വിഭവമായി മാറുന്നു.

ആഗോളതലത്തിൽ പ്രതിവർഷം ഏകദേശം 24 ബില്യൺ ടണ്ണിലധികം ഫലഭൂയിഷ്ഠമായ മേൽമണ്ണ് നഷ്ടപ്പെടുന്നതായി കണക്കാക്കപ്പെടുന്നു. ഇന്ത്യയിലും ഗണ്യമായ ഭൂവിഭാഗങ്ങൾ മണ്ണൊലിപ്പും ഭൂനാശവും മൂലം കൃഷിക്ക് യോജ്യമല്ലാത്ത തരിശുഭൂമികളായി മാറിയിട്ടുണ്ട്. മണ്ണിന്റെ ഈ ശോഷണം ഭക്ഷ്യസുരക്ഷയ്ക്കും പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയ്ക്കും വലിയ വെല്ലുവിളിയാണ്.

### ജൈവവൈവിധ്യ നഷ്ടം

കാലാവസ്ഥാവ്യതിയാനവും മനുഷ്യന്റെ അമിതചൂഷണവും ജീവജാലങ്ങളുടെ നിലനിൽപിന് തന്നെ ഭീഷണിയാണ്. ഇത് നിശ്ശബ്ദമായ എന്നാൽ തീവ്രതയേറിയ ദുരന്തത്തിലേക്ക് നയിക്കും.

ഈ പശ്ചാത്തലത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജ് മാതൃകാപരമായി ലോക പരിസ്ഥിതിദിനം ആചരിച്ചു. അത് വെറുമൊരു ഔപചാരിക ചടങ്ങ് മാത്രമായിരുന്നില്ല; മറിച്ച് ഭൂമിയുടെ പാരിസ്ഥിതിക സന്തുലിതാവസ്ഥ പുനഃസ്ഥാപിക്കുന്നതിനും ഭാവിതലമുറകൾക്ക് ഹരിതസന്ദേശം പകരുന്നതിനുമായി ദീർഘവീക്ഷണത്തോടെയും ദൃഢനിശ്ചയത്തോടെയും ആരംഭിച്ച ഒരു പ്രവർത്തനമായിരുന്നു. അതിന്റെ ഭാഗമായി കോളജിന്റെ സ്വന്തമായ 40 ഏക്കർ തരിശുഭൂമിയെ ഉത്പാദനക്ഷമമായ റബ്ബർതോട്ടമാക്കി മാറ്റാനുള്ള മഹത്തായ പദ്ധതിക്ക് ലോക പരിസ്ഥിതിദിനത്തിൽ തുടക്കമായി. ലോക പരിസ്ഥിതിദിനാചരണത്തിന്റെ ഉദ്ഘാടനം സി.എസ്.ഐ. സൗത്ത് കേരള ഡയോസിസ് ബിഷപ്പ് റൈറ്റ് റവ. ഡോ. പ്രിൻസ്റ്റൺ ബെൻ വൃക്ഷത്തൈ നട്ടുകൊണ്ട് നിർവ്വഹിച്ചു. തുടർന്ന് 40 ഏക്കർ തരിശുഭൂമിയിലെ റബ്ബർതൈ നടീലിന്റെ ഉദ്ഘാടനം റബ്ബർ



*സി.എസ്.ഐ. സൗത്ത് കേരള ഡയോസിസ് ബിഷപ്പ് റൈറ്റ് റവ. ഡോ. പ്രിൻസ്റ്റൺ ബെൻ വൃക്ഷത്തെ നടുന്നു.*

ബോർഡിലെ മുൻ ഡെവലപ്മെന്റ് ഓഫീസർ എസ്. നിർമ്മൽകുമാർ നിർവ്വഹിച്ചു. അദ്ധ്യാപകരും വിദ്യാർത്ഥികളും റബ്ബർബോർഡ് ഉദ്യോഗസ്ഥരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

ഒരു ഹെക്ടർ റബ്ബർതോട്ടത്തിന് പ്രതിവർഷം ഏകദേശം 30 ടണ്ണിലധികം കാർബൺ ഡൈ ഓക്സൈഡ് ആഗിരണം ചെയ്യാനുള്ള കഴിവുണ്ട്. അതുവഴി കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനും അന്തരീക്ഷത്തിലെ ഹരിതഗൃഹവാതകങ്ങളുടെ അളവ് കുറയ്ക്കുന്നതിനും റബ്ബർതോട്ടങ്ങൾ ഗണ്യമായ സംഭാവന നൽകുന്നു. 30 മുതൽ 40 വരെ വർഷം നീളുന്ന ഒരു റബ്ബർതോട്ടത്തിന്റെ ജീവിതചക്രത്തിൽ 40 ഏക്കർ ഭൂമിയിൽ ആഗിരണം ചെയ്യപ്പെടുന്ന കാർബണിന്റെ അളവ് പരിസ്ഥിതി സംരക്ഷണത്തിന്റെ കാഴ്ചപ്പാടിൽ ഏറെ പ്രാധാന്യമർഹിക്കുന്നതാണ്.

പരിസ്ഥിതിമാനത്തിനുപരി റബ്ബർകൃഷിയുടെ സാമ്പത്തികമാനവും പരിഗണിക്കപ്പെടേണ്ടതാണ്. ഇന്ത്യ ഇപ്പോഴും ഗണ്യമായ അളവ് പ്രകൃതിദത്തറബ്ബർ ഇറക്കുമതി ചെയ്യുന്നു. ഓരോ തരിശുഭൂമിയും ഉത്പാദനക്ഷമമായ റബ്ബർതോട്ടമായി മാറുമ്പോൾ ഇറക്കുമതി ആശ്രിതത്വം കുറയുന്നതോടൊപ്പം ഗ്രാമീണമേഖലയിലെ തൊഴിലവസരങ്ങളും കർഷകരുടെ വരുമാനവും വർധിക്കുന്നു. അതോടൊപ്പം രാജ്യത്തിന്റെ കാർഷിക സ്വയംപര്യാപ്തത ശക്തിപ്പെടുത്തുന്നതിനുള്ള ചെറിയതെങ്കിലും സുപ്രധാന ചുവടുവയ്പുകളായി ഇത്തരം പദ്ധതികൾ മാറുന്നു.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏത് പരിസ്ഥിതി പ്രസ്ഥാനത്തിന്റെയും വിജയത്തിൽ നിർണായക പങ്കുവഹിക്കുന്നു. ഒരു വിദ്യാലയ കാമ്പസ് അതിന്റെ തരിശുഭൂമിയെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ പ്രകൃതിയെ സംരക്ഷിക്കുക മാത്രമല്ല, വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്തുകയും ചെയ്യുന്നു.

ഭാവിയിൽ ലോക പരിസ്ഥിതിദിനാചരണം വെറും ഉദ്ബോധനങ്ങളിലും സന്ദേശങ്ങളിലും ഒതുങ്ങാതെ കൂടുതൽ ഉത്തരവാദിത്തപരമായ പ്രവർത്തനങ്ങളിലേക്കും ഫലപ്രദമായ ഇടപെടലുകളിലേക്കും കടക്കേണ്ടതുണ്ട്. സർക്കാരുകൾ ഭൂപുനരുദ്ധാരണ പദ്ധതികൾ കൂടുതൽ വ്യാപകവും കാര്യക്ഷമവുമായ രീതിയിൽ നടപ്പാക്കണം. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും നഗരസഭകളും പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുന്നതിൽ കൂടുതൽ ജാഗ്രതയും കർശനതയും പുലർത്തേണ്ടതുണ്ട്.

തരിശുഭൂമികളെ ഉത്പാദനക്ഷമമായ റബ്ബർതോട്ടങ്ങളാക്കി മാറ്റുന്നത് ഈ ദൗത്യത്തിന്റെ മികച്ച മാതൃകയാണ്. ഭൂമിയുടെ പുനരുജ്ജീവനം, കാർബൺ ആഗിരണം, കർഷകരുടെ ഉപജീവനസുരക്ഷ, പ്രകൃതിദത്തറബ്ബറിന്റെ ആഭ്യന്തര ഉത്പാദനവർധന, ഇറക്കുമതി ആശ്രിതത്വത്തിന്റെ കുറവ് എന്നിവ ഈ ഒരു പദ്ധതിയിലൂടെ കൈവരിക്കാനാകും. കാട്ടാക്കട ക്രിസ്ത്യൻ കോളേജിന്റെ 40 ഏക്കറിലെ റബ്ബർകൃഷി അതിന് മാതൃകയാകട്ടെ. ●

## റബ്ബർബോർഡുനഴ്സറികളിൽനിന്ന് തൈകൾ വാങ്ങാം




റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള റബ്ബർനഴ്സറികളിൽ നിന്ന് കപ്പുതൈകൾ വിതരണം ചെയ്തുവരുന്നു. മുക്കട സെൻട്രൽ നഴ്സറിയിലും കാഞ്ഞിക്കുളം, മഞ്ചേരി, ഉളിക്കൽ, ആലക്കോട്, കടയ്ക്കാമൺ എന്നിവിടങ്ങളിലെ റീജിയണൽ നഴ്സറികളിലും അംഗീകൃത റബ്ബറിനങ്ങളായ ആർആർഐഐ 105, ആർആർഐഐ 430 എന്നിവയുടെ കപ്പുതൈകളാണ് വിതരണം ചെയ്യുന്നത്. ഈ ഇനങ്ങളുടെ ബഡ്ഡുവുഡ്ഡും മേൽപറഞ്ഞ നഴ്സറികളിൽ ലഭ്യമാണ്. ക്രൗൺ ബഡ്ഡിങിന് ഉപയോഗിക്കുന്ന എഫ്.എക്സ്. 516 എന്ന ഇനത്തിന്റെ ബഡ്ഡുവുഡ്ഡ് മുക്കട സെൻട്രൽ നഴ്സറി, ഉളിക്കൽ നഴ്സറി എന്നിവിടങ്ങളിൽ നിന്ന് ലഭിക്കും. തൈകളും ബഡ്ഡുവുഡ്ഡും ആവശ്യമുള്ള കർഷകർക്ക് അടുത്തുള്ള റീജിയണൽ ഓഫീസിലോ മുക്കട സെൻട്രൽ നഴ്സറിയിലോ തന്നാണ്ടിലെ കരം അടച്ച രസീതിന്റെ കോപ്പി സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകി തൈകൾ ബുക്ക് ചെയ്യാം. അപേക്ഷാഫോറം റബ്ബർബോർഡിന്റെ ഓഫീസുകളിൽ ലഭ്യമാണ്. www.rubberboard.gov.in എന്ന വെബ്സൈറ്റിൽ നിന്ന് അപേക്ഷാഫോറം ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം. കൂടുതൽ വിവരങ്ങൾക്ക് റബ്ബർബോർഡ് റീജിയണൽ ഓഫീസുമായോ റബ്ബർബോർഡിന്റെ കോൾസെന്ററുമായോ (0481 2576622), മുക്കട സെൻട്രൽ നഴ്സറിയുമായോ (6282935868) ബന്ധപ്പെടാവുന്നതാണ്.



ടിന്റു മോൾ എം.
അസിസ്റ്റന്റ് ഡെവലപ്മെന്റ് ഓഫീസർ

## ടാപ്പർമാർക്കായി
# നേത്രപരിശോധനാക്യാമ്പ്

ഭൂമിയിലെ നിറങ്ങളെ കാണാൻ കഴിയുന്നത് ഒരു അനുഗ്രഹമാണ്. കാഴ്ച്ചശക്തി ജന്മനാ ഇല്ലാത്തവരും പല കാരണങ്ങളാൽ ആ കഴിവ് നഷ്ടപ്പെടുന്നവരും നഷ്ടപ്പെട്ടവരും നമ്മുടെ ഇടയിലുണ്ട്. കണ്ണ് പരിശോധിക്കാൻ സാധിക്കാത്തതിനാൽ കാഴ്ച നഷ്ടപ്പെടാൻ ആർക്കും ഇടവരരുത്. ഒരു ടാപ്പിങ്തൊഴിലാളിയെ സംബന്ധിച്ചിടത്തോളം തന്റെ തൊഴിൽ ചെയ്യണമെങ്കിൽ ശരിയായ കാഴ്ച വളരെ അത്യാവശ്യവുമാണ്.

റബ്ബർബോർഡിന്റെ പുനലൂർ റീജിയണൽ ഓഫീസ് കൊല്ലം ജില്ലാ ആശുപത്രിയുമായി സഹകരിച്ച് കർഷകർക്കും ടാപ്പിങ്തൊഴിലാളികൾക്കും വേണ്ടി സൗജന്യ നേത്രപരിശോധനാ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി. 2025–26 വർഷത്തിൽ ഓരോ ഫീൽഡ് സ്റ്റേഷൻ പരിധിയിലും ഓരോ ക്യാമ്പ് വീതം നടത്തുക എന്ന ലക്ഷ്യത്തോടെയായിരുന്നു പദ്ധതി നടപ്പാക്കിയത്. മൂന്ന് റബ്ബറുത്പാദകസംഘങ്ങളിൽ പ്രസ്തുത പരിപാടി സംഘടിപ്പിച്ചു. താഴത്തുവടക്ക് റബ്ബറുത്പാദകസംഘം (പട്ടാഴി ഫീൽഡ് സ്റ്റേഷൻ), റോസ്മല റബ്ബറുത്പാദകസംഘം (അഞ്ചൽ ഫീൽഡ് സ്റ്റേഷൻ), ഇടമൺ റബ്ബറുത്പാദകസംഘം (പുനലൂർ ഫീൽഡ് സ്റ്റേഷൻ) എന്നിവയുടെ നേതൃത്വത്തിലാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്. റബ്ബറുത്പാദകസംഘങ്ങൾ റബ്ബർകർഷകർക്കു വേണ്ടി മാത്രമല്ല, പ്രദേശത്തെ മറ്റ് പൊതുജനങ്ങൾക്കും പ്രയോജനകരമാണെന്ന സന്ദേശം സമൂഹത്തിലേക്ക് എത്തിക്കാനും ഈ പരിപാടിയിലൂടെ സാധിച്ചു.

എട്ടു മുതൽ 104 വരെ വയസ്സ് പ്രായമുള്ള 214 പേർ ക്യാമ്പുകളിൽ പങ്കെടുക്കുകയുണ്ടായി. ചുരുങ്ങിയ സമയത്തിനുള്ളിൽ നേത്രപരിശോധനകളും വിവിധ രോഗനിർണയങ്ങളും നടത്താൻ സാധിച്ചു. എല്ലാ ക്യാമ്പുക



ശ്ക്കും നേതൃത്വം നൽകിയത് മൊബൈൽ ഓഫ്താൽമിക് ക്ലിനിക്കിലെ ഡോ. ലിഷ ജെ. ദാസ് ആയിരുന്നു. പരിശോധനയുടെ ഭാഗമായി 84 പേർക്ക് കണ്ണട ഉപയോഗിക്കണമെന്ന് നിർദേശിച്ചു. 5 പേരിൽ ഗ്ലൂക്കോമയുടെ ലക്ഷണങ്ങൾ കണ്ടെത്തുകയും 8 പേർക്ക് തിമിര ശസ്ത്രക്രിയ നിർദേശിക്കുകയും ചെയ്തു.



ഈ ക്യാമ്പുകളുടെ മറ്റൊരു പ്രധാന നേട്ടം ടാപ്പിങ്തൊഴിലാളികൾക്ക് കണ്ണട വാങ്ങുന്നതിന് റബ്ബർബോർഡ് നൽകുന്ന ധനസഹായപദ്ധതിയെക്കുറിച്ച് ബോധവൽക്കരണം നടത്താനും കഴിഞ്ഞു എന്നതാണ്. ഇതിന്റെ ഫലമായി ഇതുവരെ ഈ ധനസഹായം നേടുന്നതിനായി 18 അപേക്ഷകൾ ലഭിക്കുകയും ചെയ്തു. റബ്ബർബോർഡിലെ ഫീൽഡ് ഓഫീസർമാരായ ഫർഹ എം.കെ., ഹരിദേവ് പി.കെ. എന്നിവരുടെ പ്രവർത്തനങ്ങൾ ഈ ക്യാമ്പുകളുടെ വിജയത്തിന് സഹായകമായി.

ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള പരിപാടികൾ റബ്ബർബോർഡിന്റെയും റബ്ബറുത്പാദകസംഘങ്ങളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെടുന്നത് സംഘങ്ങളുടെ പ്രവർത്തനമേഖല കൂടുതൽ ജനകീയമാക്കുന്നതിനും പൊതുസമൂഹവുമായി കൂടുതൽ അടുക്കുന്നതിനും സഹായകമാണ്. •

## കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക



മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽപോലും കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.

- കൊതുകുകൾ പരത്തുന്ന ചിക്കുൻ ഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകുകടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# റബ്ബർബോർഡ് സംയുക്ത ഔദ്യോഗികഭാഷാ സമ്മേളനം സംഘടിപ്പിച്ചു



*കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എ.കെ.എം. കശ്യപ് ഐ.ഐ.എസ്. ഔദ്യോഗികഭാഷാ സമ്മേളനത്തിൽ നിലവിളക്ക് കൊളുത്തുന്നു.*



കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ സംഘടിപ്പിച്ച പ്രഥമ സംയുക്ത പ്രാദേശിക ഔദ്യോഗികഭാഷാ സമ്മേളനം കോട്ടയത്ത് ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിൽ വച്ച് നടത്തി. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. അധ്യക്ഷത വഹിച്ച യോഗത്തിൽ കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഡെപ്യൂട്ടി ഡയറക്ടർ ജനറൽ എ.കെ.എം. കശ്യപ് ഐ.ഐ.എസ്. മുഖ്യപ്രഭാഷണം നടത്തി. കോഴിക്കോട് സർവ്വകലാശാലയിലെ ഹിന്ദി വിഭാഗം പ്രൊഫസർ ഡോ. പ്രഭാകരൻ ഹെബ്ബാർ ഇല്ലത്ത് ഔദ്യോഗികഭാഷയുടെ പ്രാധാന്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി. കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിലെ ഔദ്യോഗികഭാഷാ വിഭാഗം ജോയിന്റ് ഡയറക്ടർ സഞ്ചയ് പട്ടീൽ, നാഷണൽ ഇൻസ്റ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് ഡയറക്ടർ പ്രിയ വർമ്മ എച്ച്. എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഡോ. സിജു റ്റി. സ്വാഗതവും ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം ഡയറക്ടർ ഡോ. ദേബബ്രദ റായ് നന്ദിയും പറഞ്ഞു.

സമ്മേളനത്തോടനുബന്ധിച്ച് 'ഔദ്യോഗികഭാഷ നടപ്പാക്കൽ- സാധ്യതകൾ, വെല്ലുവിളികൾ, നടപടികൾ' എന്നവിഷയത്തെ അധികരിച്ച് നടത്തിയ പാനൽ ചർച്ചയിൽ ഡോ. മധുശീൽ ആയില്യത്ത് (ടൗൺ ഓഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, എറണാകുളം), രാകേഷ് കുമാർ സിങ് (ടൗൺ ഓഫീഷ്യൽ ലാംഗ്വേജ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി, കണ്ണൂർ), ആദർശ് ത്രിപാഠി (ഇ.സി.ജി.സി., എറണാകുളം), ശ്രീരേഖ (എം.പി.ഇ.ഡി.എ., എറണാകുളം), ശ്രീവിദ്യ എം. (റബ്ബർബോർഡ്, കോട്ടയം), ലക്ഷ്മി എസ്. (ആർ.ബി.ഐ., തിരുവനന്തപുരം) എന്നിവർ പങ്കെടുത്തു. ഡോ. പ്രഭാകരൻ ഹെബ്ബാർ ഇല്ലത്ത് ആയിരുന്നു മോഡറേറ്റർ.

# GOLDEN TOUCH®

## FORMIC ACID





**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH®** - **ALUMINIUM DISH**

**GOLDEN TOUCH®** - **FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Manufactured & Marketed by*

Since 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ വ്യവസായവകുപ്പ് നൽകുന്ന സഹായങ്ങൾ' എന്ന വിഷയത്തിൽ കോട്ടയം ജില്ലാ വ്യവസായ കേന്ദ്രത്തിലെ അസിസ്റ്റൻറ് ഡിസ്ട്രിക്റ്റ് ഇൻഡസ്ട്രീസ് ഓഫീസർ ഷിബു എ.കെ., 'റബ്ബറിന്റെ വളപ്രയോഗശുപാർശകൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. അമ്പിളി കെ.കെ., 'മഴക്കാല ടാപ്പിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ചന്ദ്രലേഖ കെ. എന്നിവർ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ വ്യവസായവകുപ്പ് നൽകുന്ന സഹായങ്ങൾ

1. ***റബ്ബറധിഷ്ഠിത വ്യവസായങ്ങൾ തുടങ്ങാൻ സഹായകമായ വ്യവസായ വകുപ്പിന്റെ പദ്ധതികൾ ഏതെല്ലാമാണ്?***
   റബ്ബറുത്പന്നങ്ങൾ നിർമിക്കുന്ന യൂണിറ്റുകൾക്ക് ഓൻട്രപ്രൂനർഷിപ്പ് സപ്പോർട്ട് സ്കീം (ESS) പ്രകാരം 15 മുതൽ 35 വരെ ശതമാനം (പരമാവധി 40 ലക്ഷം രൂപ) ധനസഹായത്തിന് അർഹതയുണ്ട്. കേന്ദ്രഗവൺമെന്റ് പദ്ധതിയായ പി.എം.ഇ.ജി.പി. (PMEGP) പ്രകാരം സംരംഭം തുടങ്ങുന്നതിന് പരമാവധി 35 ശതമാനം വരെ ധനസഹായം ലഭിക്കുന്നതാണ്.



*ഷിബു എ.കെ. സംശയങ്ങൾക്ക് മറുപടി പറയുന്നു*

ഓരോ വീട്ടിലും ഓരോ സംരംഭങ്ങൾ തുടങ്ങാനായി വൺ ഫാമിലി വൺ എന്റർപ്രൈസ് (OFOE) സ്കീമിൽ, പദ്ധതിച്ചെലവിന്റെ 10 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് (സ്ഥിര മൂലധന വായ്പയ്ക്കും/ പ്രവർത്തന മൂലധന വായ്പയ്ക്കും) പലിശ സബ്‌വെൻഷൻ നൽകുന്നുണ്ട്.

നാനോയൂണിറ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് (MMG) എന്ന പദ്ധതി പ്രകാരം ഏതെങ്കിലും തരത്തിലുള്ള മൂല്യവർദ്ധനയുള്ള ഉത്പാദനം, ജോബ് വർക്ക്, എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന നാനോ യൂണിറ്റുകൾക്ക് 40 ശതമാനം വരെ സാമ്പത്തികസഹായം നൽകുന്നുണ്ട്.

2. ***വ്യവസായങ്ങൾ തുടങ്ങുന്നതിന് അപേക്ഷ സമർപ്പിക്കേണ്ടത് എങ്ങനെയാണ്? ഏതെല്ലാം രേഖകൾ ആവശ്യമാണ്?***

പി.എം.ഇ.ജി.പി. പദ്ധതി മുഖേന വ്യവസായങ്ങൾ തുടങ്ങുന്നതിനായി www.kviconline.gov.in എന്ന വെബ്സൈറ്റ് വഴി ഓൺലൈൻ ആയി അപേക്ഷകൾ സമർപ്പിക്കണം. ആധാർ കാർഡ്, മൊബൈൽ നമ്പർ, വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, പ്രോജക്ട് റിപ്പോർട്ട്, ഫോട്ടോ മുതലായവ കൂടി അപേക്ഷയോടൊപ്പം സമർപ്പിക്കണം.

MMG, OFOE, എന്നീ പദ്ധതികൾ വഴിയുള്ള ധനസഹായത്തിന് താലൂക്ക് വ്യവസായ ഓഫീസ് വഴിയാണ് അപേക്ഷ സമർപ്പിക്കേണ്ടത് ആധാർ കാർഡ്, ക്വൊട്ടേഷൻ, പ്രോജക്ട് റിപ്പോർട്ട്, ബാങ്ക് പാസ്ബുക്ക്, വാടകക്കരാർ/ ആധാരത്തിന്റെ പകർപ്പ് തുടങ്ങിയ രേഖകളും സമർപ്പിക്കേണ്ടതുണ്ട്.

3. ***വ്യവസായസംരംഭം തുടങ്ങുന്നതിനായി വായ്പാ സൗകര്യം എവിടെ നിന്നു ലഭിക്കും?***

വ്യവസായസംരഭങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ വകുപ്പ് ശുപാർശ ചെയ്യുന്ന അപേക്ഷകൾ സംരംഭം ആരംഭിക്കുന്ന പ്രദേശത്ത് സർവീസ് ഏരിയയുള്ള ബാങ്കിലേക്ക് അയച്ചു കൊടുക്കുകയും ബാങ്കുകൾ അപേക്ഷയും സംരംഭകന്റെ സിബിൽ സ്കോറും വിലയിരുത്തി ലോൺ അനുവദിക്കുകയുമാണ് ചെയ്യുന്നത്.

4. ***വ്യവസായവകുപ്പിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനുള്ള മുൻഗണനാക്രമം എങ്ങനെയാണ്?***

ഓരോ പദ്ധതിക്കുമുള്ള മുൻഗണനാക്രമം വ്യത്യസ്തമാണ്. പൊതുവേ പറഞ്ഞാൽ വനിതകൾ, പട്ടികജാതി-പട്ടികവിഭാഗക്കാർ, ഒ.ബി.സി. വിഭാഗക്കാർ, ഭിന്നശേഷിക്കാർ, ക്രിസ്ത്യൻ/മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങൾ, യുവതീയുവാക്കൾ എന്നിവരെല്ലാം മുൻഗണന വിഭാഗത്തിൽപെടുന്നു.

5. ***സംരംഭങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് പ്രായപരിധി നിബന്ധനയുണ്ടോ?***

ഓരോ പദ്ധതിയിലും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള കുറഞ്ഞ പ്രായപരിധി വ്യത്യസ്തമാണ്. എന്നാൽ സംരംഭങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് ഉയർന്ന പ്രായപരിധിയില്ല.

6. ***റബ്ബർപാൽ സംസ്ക്കരണവുമായി ബന്ധപ്പെട്ട് റബ്ബർ റോളറുകൾ, പുകപ്പുരകൾ എന്നിവ വാങ്ങാൻ ധനസഹായം ലഭിക്കുമോ?***

കേന്ദ്രഗവൺമെന്റ് പദ്ധതിയായ പ്രധാനമന്ത്രി തൊഴിൽദായക പദ്ധതി പ്രകാരം റബ്ബർ റോളറുകളും പുകപ്പുരകളും വാങ്ങാനായി വിലയുടെ പരമാവധി 35 ശതമാനം വരെ തുക ധനസഹായമായി ലഭിക്കും. ഇതിനായി അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കേണ്ടതാണ്.

## റബ്ബറിന്റെ വളപ്രയോഗശുപാർശകൾ

1. ***വളമിശ്രിതം ഉപയോഗിക്കുന്നതാണോ നേർവളങ്ങൾ യോജിപ്പിച്ച് ഉപയോഗിക്കുന്നതാണോ കൂടുതൽ നല്ലത്?***

വളപ്രയോഗത്തിന് വളമിശ്രിതങ്ങളും നേർവളങ്ങളും ഉപയോഗിക്കാം. വളമിശ്രിതങ്ങൾ ഉപയോഗിക്കാനെളുപ്പമാണെങ്കിലും ചെലവ് കൂടുതൽ ആയിരിക്കും. നേർവളങ്ങൾ ഉപയോഗിച്ചാൽ ചെലവ് കുറവായിരിക്കും.

2. ***എൻ.പി.കെ.എംജി. 10-10-4-1.5 വളമിശ്രിതത്തിന്റെ നേർവളക്കൂട്ട് എപ്രകാരമാണ്?***

100 കിലോഗ്രാം എൻ.പി.കെ.എംജി. മിശ്രിതം തയ്യാറാക്കുന്നതിന് 22 കി. ഗ്രാം യൂറിയ, 55 കി. ഗ്രാം രാജ്ഫോസ്, 7 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്, 10കി. ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്നിവ ചേർത്ത് നന്നായി യോജിപ്പിച്ചെടുത്താൽ മതി. മിശ്രിതം ഉണ്ടാക്കുന്ന ദിവസംതന്നെ ഉപയോഗിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം.

3. ***റബ്ബർതോട്ടങ്ങളിൽ വളപ്രയോഗം നടത്തേണ്ട രീതികളെക്കുറിച്ച് വിശദീകരിക്കാമോ?***

റബ്ബർതോട്ടങ്ങളിൽ വർഷത്തിൽ രണ്ടു പ്രാവശ്യമാണ് വളപ്രയോഗം നടത്തേണ്ടത്. ഏപ്രിൽ-മെയ് മാസത്തിലും സെപ്റ്റംബർ-ഒക്ടോബർ മാസത്തിലും. നാലു വർഷം വരെ പ്രായമായ മരങ്ങൾക്ക് ചുറ്റും



*ഡോ. അമ്പിളി കെ.കെ. സംശയങ്ങൾക്ക് മറുപടി പറയുന്നു*

വൃത്താകൃതിയിൽ വളമിട്ടുകൊടുക്കാം. എന്നാൽ, അഞ്ചാംവർഷം മുതൽ വളം റബ്ബർനിരകൾക്കിടയിൽ വിതറിക്കൊടുത്താൽ മതിയാകും. കുഴികളെടുത്തോ ആഴമുള്ള ചാലുകൾ കീറിയോ വളമിടരുത്. അതുപോലെ മരങ്ങളുടെ ചുവടിനോട് ചേർത്തും വളമിടരുത്.

4. ***ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ മഗ്നീഷ്യം ചേർക്കേണ്ടതുണ്ടോ?***

ടാപ്പുചെയ്യുന്ന മരങ്ങളിൽ മഗ്നീഷ്യം കുറവുള്ളതിന്റെ ലക്ഷണങ്ങളായ മഞ്ഞളിപ്പും ഇലകളുടെ ഞരമ്പുകൾ മീൻമുള്ളു പോലെയാകുന്നതും ശ്രദ്ധയിൽപെട്ടാൽ (അതായത് സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഈ ലക്ഷണം കാണുകയാണെങ്കിൽ) ഒരു ഹെക്ടറിന് (400 മരങ്ങൾക്ക്) 50 കി. ഗ്രാം മഗ്നീഷ്യം സൾഫേറ്റ് എന്ന കണക്കിൽ സെപ്റ്റംബർ മുതൽ ഡിസംബർ വരെയുള്ള സമയങ്ങളിൽ ചേർത്തുകൊടുക്കാം. മഗ്നീഷ്യത്തിന്റെ അളവ് കൂടിപ്പോയാൽ റബ്ബർപാൽ തരിച്ചുപോകാൻ സാധ്യതയുണ്ട്.

5. ***റബ്ബർതോട്ടങ്ങളിൽ കുമ്മായം ചേർക്കേണ്ട ആവശ്യമുണ്ടോ?***

എല്ലാ തോട്ടങ്ങളിലും കുമ്മായം ചേർക്കേണ്ട ആവശ്യമില്ല. മണ്ണുപരിശോധനയിൽ മണ്ണിന്റെ 'പിഎച്ച്' മൂല്യം അഞ്ചിൽ താഴെയും മണ്ണിലെ കാൽസ്യത്തിന്റെ അളവ് 100 മി.ഗ്രാം/ കിലോഗ്രാമിൽ താഴെയും ആണെങ്കിൽ മാത്രം കുമ്മായം ചേർത്താൽ മതി. കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക 250 ഗ്രാം അല്ലെങ്കിൽ ഡോളോമൈറ്റ് 500 ഗ്രാം തൈ നടുന്നതിനുള്ള കുഴിയിൽ തൈ നടുന്നതിന് രണ്ടുമൂന്ന് ആഴ്ച മുമ്പ് ഇട്ട് മണ്ണുമായി നന്നായി കൂട്ടിക്കലർത്തണം. ഒന്നുരണ്ട് മഴ ലഭിച്ചതിനുശേഷം മാത്രം തൈകൾ നടാവുന്നതാണ്. അഞ്ചാം വർഷം അല്ലെങ്കിൽ അതിൽ കൂടുതൽ പ്രായമുള്ള മരങ്ങൾക്ക് ആവശ്യമെങ്കിൽ മൂന്നുവർഷത്തിലൊരിക്കൽ കുമ്മായം അഥവാ പൊടിച്ച നീറ്റുകക്ക മരം ഒന്നിന് ഒന്നു മുതൽ ഒന്നര വരെ കി.ഗ്രാം എന്ന തോതിൽ ചേർക്കാവുന്നതാണ്. ഇത് പ്രധാനവളങ്ങൾ (നൈട്രജൻ - യൂറിയ, ഫോസ്ഫറസ് - റോക്ക് ഫോസ്ഫേറ്റ്, പൊട്ടാസ്യം -മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ്) ചേർക്കുന്നതിന് രണ്ടാഴ്ച മുൻപ് ചേർക്കണം. ഇതിനുശേഷം മഴ ലഭിച്ചുകഴിഞ്ഞു മാത്രമേ പ്രധാന വളങ്ങൾ ചേർക്കാവൂ.

6. ***റബ്ബർതോട്ടത്തിൽ സൂക്ഷ്മമൂലകങ്ങൾ ചേർത്തുകൊടുക്കേണ്ടതുണ്ടോ?***

സൂക്ഷ്മമൂലകങ്ങൾ ചേർക്കുന്നതിന് മുൻപ് തീർച്ചയായും മണ്ണുപരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ സിങ്ക്, ബോറോൺ വളങ്ങൾ ആവശ്യമുണ്ടെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന അളവിൽ മാത്രം ചേർക്കുക. ഇത് പ്രധാനവളങ്ങൾ ചേർത്ത് രണ്ടാഴ്ചയ്ക്കുശേഷം നൽകാവുന്നതാണ്.

## മഴക്കാല ടാപ്പിങ്

1. ***മഴക്കാലത്ത് റബ്ബർമരങ്ങൾ ടാപ്പുചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ?***

കേരളത്തിലെ കാലാവസ്ഥ നോക്കിയാൽ ഒരു വർഷത്തിൽ നാലഞ്ചു മാസം മഴക്കാലമാണെന്ന് കാണാം.



*ചന്ദ്രലേഖ കെ. സംശയങ്ങൾക്ക് മറുപടി പറയുന്നു*

നല്ല ഉത്പാദനം ലഭിക്കുന്ന ഈ സമയത്ത് ടാപ്പുചെയ്യാതിരിക്കുന്നത് കർഷകർക്ക് വലിയൊരു നഷ്ടമാണ്. അതിനാൽ റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്ത് കൃത്യമായ ഇടവേളകളിൽ ടാപ്പുചെയ്യുക എന്നതാണ് തോട്ടത്തിന്റെ ആയുസ്സും ഉത്പാദനക്ഷമതയും കൂട്ടാനുള്ള പല മാർഗങ്ങളിൽ ഒന്ന്. ടാപ്പിങ് വേളയിൽ പ്ലാസ്റ്റിക് ഉയർത്തി ടാപ്പുചെയ്ത ശേഷം വീണ്ടും പ്ലാസ്റ്റിക് താഴ്ത്തി പാനൽ മൂടിയിടേണ്ടതാണ്. പട്ടചീയൽ തടയാൻ കുമിൾനാശിനി ഉപയോഗിച്ച് പട്ട കഴുകണം. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ മഴയില്ലെങ്കിൽ റെയിൻഗാർഡ് ഉയർത്തിവച്ച് വെട്ടുചാലിൽ കാറ്റും വെളിച്ചവും ഏൽക്കാനുള്ള സാഹചര്യം ഒരുക്കുന്നതും നന്നായിരിക്കും.

2. ***പട്ടചീയൽ എങ്ങനെ പ്രതിരോധിക്കാം?***

പട്ടചീയൽ എന്ന കുമിൾരോഗത്തെ പ്രതിരോധിക്കുന്നതിന് മഴക്കാലത്ത് ടാപ്പുചെയ്യുന്ന റബ്ബർമരങ്ങളുടെ വെട്ടുചാലും തൊട്ടുചേർന്ന പട്ടയും കുമിൾനാശിനി ഉപയോഗിച്ച് പത്തു ദിവസത്തിലൊരിക്കൽ കഴുകണം. ഇതിന് മാങ്കോസെബ് 0.375 ശതമാനം (ഇൻഡോഫിൽ എം. 45 അഥവാ ഡൈത്തേൻ എം. 45 അഞ്ചുഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനി) ഉപയോഗിക്കാം. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ വേണം മരുന്നുപുരട്ടാൻ. മാങ്കോസെബ് വീര്യം കുറഞ്ഞ കുമിൾനാശിനി ആണെങ്കിലും സുരക്ഷയുടെ ഭാഗമായി കൈയ്യുറ ധരിക്കുന്നത് അഭികാമ്യമാണ്.

3. ***മഴക്കാലത്ത് ഉത്തേജകൗഷധം പ്രയോഗിക്കാമോ?***

റെയിൻഗാർഡുചെയ്ത മരങ്ങളിൽ ഉത്തേജകൗഷധം പ്രയോഗിക്കാം. മഴക്കാലത്ത് വെട്ടുപട്ടയിൽ നനവില്ലാത്തപ്പോൾ വേണം ഉത്തേജകൗഷധം പ്രയോ

# Guard Against the Monsoon!
# Secure Your Latex Tapping Channels with

# ANNA RAINPROOF

(Rain Guarding Compound)



WITH 23 YEARS OF EXPERTISE, OUR EASY-TO-APPLY PASTE REQUIRES NO HEATING AND EFFECTIVELY KEEPS RAINWATER OUT THIS SEASON



## OUR PRODUCT RANGE

- Rain Guarding Compound
- Rain Guarding Plastic / Ribbon
- Rain Guard Tapping Shade
- Kissan Guard Shade
- Stapler Machine / Pin
- Suthali
- Scrapper
- Cup Hanger
- Spout (Chill)
- Latex Collection Cup
- Tapping Knife - Ordinary
- Nadan Tapping Knife
- Jabong Knife
- Gouge Knife
- Sharpening Stone
- Template & Marker
- Rubber Coat - Black
- Rubber Coat - White
- Aluminium Dish
- Aluminium Mug
- Aluminium Bucket
- Tapping Light
- Pathavetty
- Ounce Glass
- Arival
- Pine Apple Knife
- Arippa
- Ammonia
- Lauric Acid
- Copper Oxy Chloride
- COC Fytran
- Motex
- Formic Acid - White
- Formic Acid with PNP
- PNP Powder
- Agrowin Gel
- Ethipone
- Copper Sulphate
- China Clay
- Dolomite
- Chalk Powder
- Lime Shell Powder
- Sodium Sulphate
- Sodium Bi Sulfite
- Sulphur - Dusting / Smoking
- TMTD
- DAHP
- Wetex

IAF

ISO 9001:2015 VEXIL BPS MS Q9133755

NABCB QM022

Rubber Board Approved

**Best & Highest Quality Rubber Tapping Equipments & Materials**

ai ANNA INDUSTRIES™ SINCE 1991

# Anna Industries

(An ISO 9001:2015 Certified Company)
Kolenchery, Cochin, Kerala, Pin: 682 311

Phone:
93 88 60 1632
94 95 00 3366
0484 2764590
0484 2760216

E-mail: sales@annabusiness.com
annaindustries@ymail.com
annatraderskicy@gmail.com
www.annabusiness.com
Toll Free : 1800 1230 366

ഗിക്കാൻ. റബ്ബർബോർഡിന്റെ ശുപാർശകൾ അനുസരിച്ചു മാത്രമേ ഉത്തേജകൗഷധം പുരട്ടാവൂ.

4. ***രാവിലെ മഴയുള്ള സാഹചര്യത്തിൽ ടാപ്പിങ് നടത്താൻ കഴിയുമോ?***

നല്ല തണുപ്പുള്ള അന്തരീക്ഷമായതിനാൽ മഴക്കാലത്ത് കുറച്ച് താമസിച്ച് ടാപ്പിങ് ആരംഭിച്ചാലും കാര്യമായ ഉത്പാദനക്കുറവ് ഉണ്ടാകാറില്ല.

5. ***പട്ടചീയലിനെ പ്രതിരോധിക്കാൻ കുമിൾനാശിനി വെട്ടുപട്ടയിൽ സ്പ്രേ ചെയ്താൽ മതിയാകുമോ?***

കുമിൾനാശിനി സ്പ്രേ ചെയ്യുന്നതുകൊണ്ട് കാര്യമായ പ്രയോജനം ഉണ്ടാകാറില്ല. ചകിരി ചതച്ചുണ്ടാക്കിയ ബ്രഷ് അല്ലെങ്കിൽ വൃത്തിയുള്ള കോട്ടൺ തുണി ഉപയോഗിച്ച് വെട്ടുപട്ട ഉരച്ച് കഴുകണം. രോഗം ബാധിച്ച മരങ്ങളിൽ മാത്രം 10 ഗ്രാം ഇൻഡോഫിൽ എം. 45 ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തിയ ലായനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ വള്ളിപ്പാൽ നീക്കിയതിനു ശേഷം പട്ട കഴുകണം.

6. ***ആർആർഐഐ 430 എന്ന ഇനം റെയിൻഗാർഡു ചെയ്ത് ടാപ്പു ചെയ്യാമോ?***

റബ്ബർബോർഡ് ശുപാർശ ചെയ്യുന്ന എല്ലാ റബ്ബറിനങ്ങളും മഴക്കാലത്ത് റെയിൻഗാർഡ് ചെയ്ത് കൃത്യമായ ഇടവേള നൽകി ടാപ്പുചെയ്യാവുന്നതാണ്. രോഗപ്രതിരോധമാർഗങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

തയ്യാറാക്കിയത്

**സ്ലീബ വി. പോൾ**
(ഫാം ഓഫീസർ)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി



### റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷി

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് 2026 ജൂലൈ 17 വെള്ളിയാഴ്ച്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ഫേബ ജോസഫ് മറുപടി പറയും

### ഗുണമേന്മയുള്ള ഷീറ്റുറബ്ബർ നിർമാണം

ഗുണമേന്മയുള്ള ഷീറ്റുറബ്ബർ നിർമിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച ചോദ്യങ്ങൾക്ക് 2026 ജൂലൈ 22 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ അസിസ്റ്റന്റ് ക്വാളിറ്റി കൺട്രോൾ ഓഫീസർ എം.എൻ. ബിജു മറുപടി പറയും

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***


## റബ്ബർമാസിക- പരസ്യനിരക്കുകൾ

റബ്ബർമാസികയുടെ പരസ്യനിരക്കുകൾ
(5 ശതമാനം ജി.എസ്.റ്റി. സഹിതം) താഴെച്ചേർക്കുന്നു.




| | | |
|---|---|---|
| ബാക്ക് കവർ (കളർ) | - | 13860 രൂപ |
| ഫ്രണ്ട് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| ബാക്ക് ഇൻസൈഡ് (കളർ) | - | 9975 രൂപ |
| സെന്റർ സ്പ്രെഡ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 16800 രൂപ |
| ഇൻസൈഡ് ഫുൾ പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 8400 രൂപ |
| ഇൻസൈഡ് 1/2 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 4200 രൂപ |
| ഇൻസൈഡ് 1/4 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 2100 രൂപ |
| ഇൻസൈഡ് 1/8 പേജ് (കളർ/ ബ്ലാക്ക് & വൈറ്റ്) | - | 1313 രൂപ |

പരസ്യം നൽകാൻ ആഗ്രഹിക്കുന്നവർ തയ്യാറാക്കിയ പരസ്യത്തിന്റെ സോഫ്റ്റ് കോപ്പി, പരസ്യം നൽകാൻ ആഗ്രഹിക്കുന്ന ലക്കത്തിന്റെ തൊട്ടുമുൻപത്തെ മാസം 15-ാം തീയതിക്കകം നൽകേണ്ടതാണ്. എഡിറ്റർ, റബ്ബർ മാസിക, കോട്ടയം-2 എന്ന വിലാസത്തിൽ അയച്ചു തരികയോ ppr@rubberboard.org.in എന്ന വിലാസത്തിലേക്ക് ഇ-മെയിൽ ചെയ്യുകയോ ചെയ്യാം. പരസ്യത്തുക സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം-2 എന്ന വിലാസത്തിലുള്ള ഡിമാന്റ് ഡ്രാഫ്റ്റായി അയയ്ക്കുകയോ റബ്ബർബോർഡിന്റെ അക്കൗണ്ടിൽ നേരിട്ട് അടയ്ക്കുകയോ ചെയ്യാം. കൂടുതൽ വിവരങ്ങൾക്ക്: 0481-2301231. എക്സ്റ്റൻഷൻ - 346



**പയറുവർഗത്തിൽപെട്ട ആവരണവിളകൾ പുതുതായി വച്ചുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ ശരിക്കും വളർന്നു പടരുന്നതിന് ഹെക്ടറൊന്നിന് 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് (ആവരണവിള നട്ട് ഒരു മാസത്തിനു ശേഷവും പിന്നീട് രണ്ടുമാസം കഴിഞ്ഞും) രണ്ടു തവണകളായി ഇട്ടുകൊടുക്കണം. പൊട്ടാസ്യത്തിന്റെ അംശം കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനൊപ്പം ഹെക്ടറൊന്നിന് 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് കൂടി ചേർത്തു കൊടുക്കാം.**



# ആഗസ്റ്റ് മാസത്തിലെ **കൃഷിപ്പണികൾ**

ആവശ്യത്തിന് മഴ ലഭിക്കുകയാണെങ്കിൽ റബ്ബർ നടീൽ തുടരാവുന്നതാണ്. ഒട്ടുതൈക്കുറ്റികൾ മുളയ്ക്കണമെങ്കിൽ ഇടവിട്ടുള്ള മഴ വേണം. മണ്ണിൽ വേണ്ടത്ര ഈർപമുള്ളപ്പോൾ കൂടത്തൈകളും കപ്പുതൈകളും നടാം. തുടർന്ന് ഒന്നോ രണ്ടോ ഭേദപ്പെട്ട മഴ ലഭിച്ചാൽ അവ വേരുപിടിച്ചു കിട്ടുകയും ചെയ്യും.

നടാനുപയോഗിക്കുന്ന തൈകളുടെ ഏറ്റവും മുകളിലത്തെ ഇലത്തട്ടുകൾ മൂപ്പെത്തിയിരിക്കണം. കാനകളിൽ വച്ചിരിക്കുന്ന കൂടത്തൈകൾ എടുത്തുമാറ്റുമ്പോൾ കൂടയുടെ ചുറ്റുമുള്ള മണ്ണ് നീക്കിക്കളയണം. തായ്‌വേരോ പക്കവേരുകളോ കൂട തുളച്ച് വെളിയിലേക്കു വളർന്നിട്ടുണ്ടെങ്കിൽ അവയും മുറിച്ചു കളയണം.

## വിത്തുകൾ

സാധാരണമായി ജൂലൈ അവസാനം മുതൽ റബ്ബർവിത്തുകൾ ലഭിച്ചുതുടങ്ങും. വിത്തുകൾക്ക് മുളയ്ക്കാനുള്ള ശേഷി വളരെ ചുരുങ്ങിയ കാലത്തേക്കേ ഉണ്ടായിരിക്കുകയുള്ളൂ. വിത്തുകൾ മുളച്ചുകിട്ടിയാലുടൻ തന്നെ പാകണമെന്നതിനാൽ അവ പാകാനുള്ള തടങ്ങൾ മുൻകൂട്ടി തയ്യാറാക്കിയിരിക്കണം.

നിരപ്പുള്ള സ്ഥലങ്ങളിൽ തടമെടുക്കുന്നതാണ് നല്ലത്. സ്ഥലത്തിന്റെ സൗകര്യത്തിനൊത്തവിധം തടത്തിന്റെ ആകൃതിയും വലിപ്പവും നിർണയിക്കാം. നല്ല ആറ്റുമണലാണ് വിത്തു പാകി മുളപ്പിക്കാൻ അനുയോജ്യം. തടങ്ങൾക്ക് തറനിരപ്പിൽ



നിന്ന് പതിനഞ്ചു സെ. മീറ്റർ പൊക്കമുണ്ടായിരിക്കണം. അധികമുള്ള വെള്ളം എളുപ്പം ഒഴുകിപ്പോകുന്നതിനാണിത്.

വിത്തുകൾ ഒരൊറ്റ അട്ടിയായി തൊട്ടിരിക്കത്തക്ക വിധം നെടുനീളത്തിലാണ് പാകേണ്ടത്. വിത്തുകളുടെ മേൽഭാഗം തടത്തിലെ മണലിന് മുകളിൽ കാണത്തക്ക വിധം പാകണം.

കയറ്റുപായോ മെടഞ്ഞ ഓലയോ കൊണ്ട് തടങ്ങൾ മൂടുകയും ഇടയ്ക്ക് നനയ്ക്കുകയും വേണം. തടങ്ങളിൽ അധികം ചൂടും നനവും ആവശ്യമില്ല. പാകിക്കഴിഞ്ഞാൽ ആറേഴുദിവസങ്ങൾക്കകം വിത്തുകൾ മുളച്ചു തുടങ്ങും. മുളച്ച വിത്തുകൾ നടീലിനായി ദിവസവും എടുത്തു മാറ്റിക്കൊണ്ടിരിക്കണം. അവ മാറ്റി നടുന്നതിന് താമസം നേരിട്ടാൽ വേരുകൾ വളഞ്ഞതോ പിരിഞ്ഞതോ ആകാൻ ഇടയുണ്ട്.

## സ്പ്രേയിങ്

കൂമ്പുചീയൽ പോലുള്ള ഇലരോഗങ്ങൾ തടയാൻ തൈച്ചെടികളുടെ തളിരിലകളിലും കൂമ്പുകളിലും നഴ്സറിയിലെ തൈകളിലും ഒരുശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കേണ്ടതാണ്.

## പട്ടചീയൽ തടയാൻ

മഴക്കാലത്ത് ടാപ്പിങ് തുടരുന്ന മരങ്ങളുടെ വെട്ടുപട്ടയ്ക്ക് ചീയൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ഇതു തടയാൻ മരങ്ങളുടെ വെട്ടുപട്ടയും വെട്ടുചാലും ആഴ്ചയിൽ ഒരിക്കൽ കുമിൾനാശിനി ചേർത്ത ലായനി ഉപയോഗിച്ച് കഴുകണം. മാങ്കോസെബ് 0.375 ശതമാനം വീര്യമുള്ളത് (വിപണിയിൽ 75 ശതമാനം വീര്യത്തിൽ കിട്ടുന്ന കുമിൾനാശിനി അഞ്ചു ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചത്) ഇതിനുപയോഗിക്കാം.

## പിങ്കുരോഗത്തിന് ചികിത്സ

ചീക്ക് (പിങ്ക്) രോഗം വർഷകാലത്താണ് റബ്ബർമരങ്ങളെ ബാധിക്കുന്നതെങ്കിലും ആഗസ്റ്റ് മുതൽ നവംബർ വരെയുള്ള മാസങ്ങളിലായിരിക്കും കഠിനമായ രോഗബാധ കാണപ്പെടുന്നത്. രണ്ടു മുതൽ പന്ത്രണ്ടു വരെ വർഷം പ്രായമുള്ള മരങ്ങളുടെ കവരഭാഗത്താണ് സാധാരണമായി രോഗബാധ ഉണ്ടാകുക. മരങ്ങളുടെ തൊലിപ്പുറമേ വെളുപ്പോ ഇളം ചുവപ്പോ ആയ ചിലന്തി വല പോലുള്ള പൂപ്പൽ കാണപ്പെടും. രോഗബാധയേറ്റ ഭാഗത്തുനിന്ന് റബർപാൽ ഒലിച്ചിറങ്ങുകയും ആ ഭാഗത്തെ പട്ട അഴുകി വിണ്ടുകീറുകയും ചെയ്യുന്നു.

പ്രാരംഭദശയിൽ രോഗബാധയുള്ള ഭാഗത്ത് ഒരടി മുകളിലേക്കും താഴേക്കും നീട്ടി, ബോർഡോക്കുഴമ്പ് പുരട്ടണം. രോഗബാധ ശക്തമാണെങ്കിൽ രോഗം ബാധിച്ചഭാഗത്ത് ബോർഡോക്കുഴമ്പ് പുരട്ടി ഉണങ്ങിയ ശേഷം ആ ഭാഗത്തെ പട്ട ചുരണ്ടിമാറ്റി വീണ്ടും ബോർഡോക്കുഴമ്പ് പുരട്ടേണ്ടതാണ്. രോഗബാധിതമായ മരത്തിന്റെ സമീപത്തുള്ള ഏതാനും മരങ്ങളുടെ കവരഭാഗങ്ങളിലും പ്രതിരോധനടപടിയെന്ന നിലയിൽ ബോർഡോക്കുഴമ്പ് പുരട്ടാവുന്നതാണ്.

ബോർഡോക്കുഴമ്പിന് പകരമായി തിറം (0.75 ശതമാനം) എന്ന കുമിൾനാശിനി റബ്ബർകോട്ട്, സോപ്കോട്ട്, ട്രസിൽ തുടങ്ങിയ പെട്രോളിയം ഉത്പന്നങ്ങളിൽ ഏതെങ്കിലും ഒന്നിൽ (പത്ത് ഗ്രാം കുമിൾനാശിനി ഒരു കി. ഗ്രാം പെട്രോളിയം ഉത്പന്നത്തിൽ എന്ന തോതിൽ)



ചേർത്ത് രോഗം ബാധിച്ച ഭാഗങ്ങളിൽ മുൻപറഞ്ഞ രീതിയിൽ തേച്ചുപിടിപ്പിക്കുന്നതും ഫലപ്രദമായ രോഗനിവാരണമാർഗമാണ്.

## നഴ്സറിയിൽ വളംചേർക്കൽ

നഴ്സറിയിൽ കൃഷിയുള്ള ഭാഗത്ത് ഒരു ഹെക്ടർ സ്ഥലത്ത് രണ്ടര ടൺ കമ്പോസ്റ്റ് അഥവാ നല്ലതുപോലെ അഴുകിപ്പൊടിഞ്ഞ ചാണകം, 350 കി.ഗ്രാം റോക്ക് ഫോസ്ഫേറ്റ് എന്നിവ മണ്ണുമായി നല്ലതുപോലെ കലർത്തണം. അതിനുശേഷം തടം നിരപ്പാക്കി തൈകൾ നടാൻ ഒരുക്കിയിടണം. ഒരേ തടങ്ങൾ തന്നെ എല്ലാവർഷവും സ്ഥിരമായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ റോക്ക് ഫോസ്ഫേറ്റ് മൂന്നു കൊല്ലത്തിലൊരിക്കൽ ചേർത്താൽ മതിയാകും. പുതുമണ്ണിലാണ് നഴ്സറി തുടങ്ങുന്നതെങ്കിൽ ആദ്യവർഷം കമ്പോസ്റ്റോ ചാണകമോ ഉപയോഗിക്കേണ്ടതില്ല. നഴ്സറി ആരംഭിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ മണ്ണ് പരിശോധിച്ച് വളപ്രയോഗം നടത്തുന്നതാണ് ഉത്തമം.

## ആവരണവിള

പയറുവർഗത്തിൽപെട്ട ആവരണവിളകൾ പുതുതായി വച്ചുപിടിപ്പിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ ശരിക്കും വളർന്നു പടരുന്നതിന് ഹെക്ടറൊന്നിന് 165 കി. ഗ്രാം റോക്ക് ഫോസ്ഫേറ്റ് (ആവരണവിള നട്ട് ഒരു മാസത്തിനു ശേഷവും പിന്നീട് രണ്ടുമാസം കഴിഞ്ഞും) രണ്ടു തവണകളായി ഇട്ടുകൊടുക്കണം. പൊട്ടാസ്യത്തിന്റെ അംശം കുറവുള്ള മണ്ണിൽ റോക്ക് ഫോസ്ഫേറ്റിനൊപ്പം ഹെക്ടറൊന്നിന് 50 കി. ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് കൂടി ചേർത്തു കൊടുക്കാം.

തോട്ടത്തിൽ കന്നുകാലികളെ മേയാൻ അനുവദിക്കുന്നതും ആവരണവിളകൾ അവയ്ക്ക് തീറ്റയാക്കുന്നതും ആവരണവിളയുടെ വളർച്ചയെ ബാധിക്കും. ആവരണവിള ശരിക്കും പടർന്നു പിടിച്ചിട്ടുള്ള തോട്ടങ്ങളിൽ അവ റബ്ബർതൈകളുമായി മത്സരിക്കാൻ ഇടയാകരുത്. ചതുരത്തിലും ദീർഘചതുരത്തിലും തൈകൾ നട്ടിട്ടുള്ള തോട്ടങ്ങളിൽ, ഓരോ തൈയുടെയും ചുവട്ടിൽ ആറടി വ്യാസത്തിലും കോണ്ടൂർരീതിയിൽ തൈകൾ നട്ടിട്ടുള്ള തോട്ടങ്ങളിൽ നിരപ്പുതട്ടുകളിലും ആവരണവിള വളരാതെ ശ്രദ്ധിക്കണം.

ഓരോ മാസവും റബ്ബർതോട്ടങ്ങളിൽ നടപ്പാക്കേണ്ട കൃഷിപ്പണികളെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡിന്റെ കോൾസെന്ററുമായി ബന്ധപ്പെടാം. വിളിക്കേണ്ട നമ്പർ 0481 2576622. •

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2026 ആഗസ്റ്റ് മാസത്തെ പരിശീലനപരിപാടികൾ

**1. മികച്ച കാർഷികരീതികൾ (Good Agricultural Practices)**

മികച്ച കാർഷികരീതികൾ (Good Agricultural Practices) എന്ന വിഷയത്തിലുള്ള പരിശീലനം ആഗസ്റ്റ് 3, 4 തീയതികളിൽ നടക്കും. റബ്ബർതോട്ടങ്ങളിൽ മികച്ച കാർഷികരീതികളിലൂടെ ചെലവ് കുറച്ചുകൊണ്ട് ഉത്പാദനം വർദ്ധിപ്പിക്കുക എന്നതാണ് പരിശീലനോദ്ദേശ്യം. എസ്റ്റേറ്റ് മേഖലയിലുള്ളവർക്കും കർഷകർക്കും ഈ പരിശീലനം പ്രയോജനപ്പെടും. പരിശീലനഫീസ് 1750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**2. രോഗ-കീട നിവാരണം**

റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിനപരിശീലനം ആഗസ്റ്റ് 7-ന് നടത്തും. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**3. മരുന്നുതളി**

റബ്ബറിൽ മരുന്നു തളിക്കുന്നതിനുള്ള ആധുനിക മാർഗങ്ങൾ, സ്പ്രേയറുകളുടെ ഉപയോഗം, പരിപാലനം, കൃഷിയാവശ്യത്തിന് ഉപയോഗിക്കുന്ന ഡ്രോണുകളുടെ പരിപാലനം എന്നിവയെക്കുറിച്ച് അറിവുനൽകുന്നതിനുള്ള ഏകദിനപരിശീലനം (ഓൺലൈൻ) ആഗസ്റ്റ് 10-ന് നടക്കും. റബ്ബർകർഷകർ, റബ്ബറുത്പാദകസംഘങ്ങളിലെയുംസ്വാശ്രയസംഘങ്ങളിലെയും അംഗങ്ങൾ തുടങ്ങിയവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**4. റബ്ബർ വ്യവസായം**

റബ്ബർവ്യവസായസംരംഭകരാകാൻ താൽപര്യമുള്ളവർക്കായി ഒരു പരിശീലനപരിപാടി (ഓൺലൈൻ) ആഗസ്റ്റ് 20-ന് നടക്കും. ഷീറ്റുറബ്ബർ സംസ്കരണം, റബ്ബപാലിൽ നിന്നും ഉണക്കറബ്ബറിൽ നിന്നുമുള്ള ഉത്പന്നങ്ങളുടെ നിർമാണം എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് പരിശീലനം. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

**5. ഇടവിളക്കൃഷി**

റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിൽ ഏകദിനപരിശീലനം ആഗസ്റ്റ് 21-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷിചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനം. കർഷകർ, തോട്ടം മാനേജർമാർ, നഴ്സറിയുടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 600 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗവിഭാഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 454 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ തെരഞ്ഞെടുക്കപ്പെട്ട പരിശീലനങ്ങൾക്ക് ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ (04812353201), 9497317209 (വ്യവസായം), 9446428554 (കൃഷി, വിജ്ഞാനവ്യാപനം) എന്നീ ഫോൺനമ്പരുകളിലോ ബന്ധപ്പെടുക.



# ലോകപരിസ്ഥിതിദിനാഘോഷം








ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ജൂൺ അഞ്ചിന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (എൻ.ഐ.ആർ.റ്റി.) വിവിധ പരിപാടികൾ സംഘടിപ്പിച്ചു. പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം സമൂഹത്തിലാകെ പ്രചരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടിയിൽ എൻ.ഐ.ആർ.റ്റി.-യിലെ ഉദ്യോഗസ്ഥർ, ജീവനക്കാർ, പരിശീലനാർത്ഥികൾ തുടങ്ങിയവർ പങ്കെടുത്തു.

കാലാവസ്ഥാവ്യതിയാനം, മലിനീകരണം, ജൈവവൈവിധ്യശോഷണം തുടങ്ങിയ ആഗോള വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് പൊതുജനപങ്കാളിത്തത്തോടെ പരിസ്ഥിതിസംരക്ഷണപ്രവൃത്തികൾ ദൈനംദിനജീവിതത്തിന്റെ ഭാഗമാക്കേണ്ടതാണെന്ന് പരിസ്ഥിതിദിനസന്ദേശം നൽകിയ ഡോ. കുരുവിള ജേക്കബ് (എൻ.ഐ.ആർ.റ്റി. മുൻ ഡയറക്ടർ) അഭിപ്രായപ്പെട്ടു. പരിസ്ഥിതിസൗഹൃദ കൃഷിരീതികളും സുസ്ഥിരവികസനവും കൈകോർക്കേണ്ടതിന്റെ ആവശ്യകത മുഖ്യപ്രഭാഷണം നടത്തിയ റബ്ബർ ബോർഡ് സെക്രട്ടറി ഇൻ-ചാർജ് ഡോ. ബിനോയ് കെ. കുര്യൻ എടുത്തുപറഞ്ഞു.

പരിസ്ഥിതിസംരക്ഷണം കാലഘട്ടത്തിന്റെ അനിവാര്യത ആണെന്നും ഓരോ വ്യക്തിയും പ്രകൃതിയോടുള്ള ഉത്തരവാദിത്വം തിരിച്ചറിയേണ്ടതാണെന്നും ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച എൻ.ഐ.ആർ.റ്റി. ഡയറക്ടർ എച്ച്. പ്രിയ വർമ്മ പറഞ്ഞു. എൻ.ഐ.ആർ.റ്റി.-യിലെ ഡെപ്യൂട്ടി ഡയറക്ടർമാരായ അനിൽകുമാർ വി., പ്രദീപ് കുമാർ പി. ജോയ്; അസിസ്റ്റന്റ് സെക്രട്ടറി സജിയ കൃഷ്ണകുമാർ എന്നിവരും ചടങ്ങിൽ സംസാരിച്ചു.

പരിപാടിയുടെ ഭാഗമായി ജീവനക്കാരെയും പരിശീലനാർത്ഥികളെയും ഉൾപ്പെടുത്തി പരിസ്ഥിതി ക്വിസ് മത്സരം സംഘടിപ്പിച്ചു. ഹരിതാഭമായ ഭാവിക്കായി കൂടുതൽ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുകയും പരിസ്ഥിതിസംരക്ഷണ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യണമെന്ന ആഹ്വാനത്തോടെ വിശിഷ്ടാതിഥികളും ജീവനക്കാരും ചേർന്ന് എൻ.ഐ.ആർ.റ്റി. കാമ്പസിൽ വൃക്ഷത്തൈകൾ നട്ടു.

180 മായുന്ന ഗ്രാമക്കാഴ്ചകൾ, മറയുന്ന ഗ്രാമനന്മകൾ



മുരളീധരൻ തഴക്കര

# നല്ല പുസ്തകങ്ങൾ നല്ല ചങ്ങാതിമാർ വായന നമുക്ക് ഒരു ശീലമാക്കാം

നമ്മുടെ നാട്ടിൻപുറങ്ങളിലെ മുറുക്കാൻകടകളിൽ ഒരുകാലത്ത് ദിനേശ്ബീഡി അന്വേഷിച്ച് എത്തുന്നവർ ഏറെയായിരുന്നു. കണ്ണൂരിലെ ദിനേശ്ബീഡി സംഘത്തിന് സംരംഭകത്വ കൂട്ടായ്മയുടെയും കൈത്തൊഴിലിന്റെയും ബീഡിനിർമാണ കഥയോടൊപ്പം വായനയുടെയും ഉദാത്തവും പുഷ്കലവുമായ നന്മകൂടി പങ്കുവയ്ക്കാനുണ്ട്. ദിനേശ്ബീഡി സംഘം അടക്കമുള്ള ബീഡിനിർമാണസ്ഥാപനങ്ങളിൽ പത്രങ്ങൾ വായിച്ചു കേൾപ്പിക്കുന്നതിന് ഒരാളെ നിയോഗിക്കുമായിരുന്നു. ബീഡിതെറുപ്പിൽ ഏർപ്പെടുന്ന തൊഴിലാളികൾ തങ്ങളുടെ നിത്യവേതനത്തിൽനിന്ന് ചെറിയൊരു തുക സമാഹരിച്ച് ഈ പത്രപാരായണക്കാരനും കൃത്യമായി ദിവസവേതനം നൽകിയിരുന്നു. ഇന്നത്തെ ഉന്നതശ്രേഷ്ഠരായ പാർട്ടി സഖാക്കളിൽ ചിലർക്കെങ്കിലും ഇപ്രകാരം പത്രപാരായണം നടത്തിക്കിട്ടിയിരുന്ന വരുമാനം തങ്ങളുടെ ജീവിതത്തിന് താരും തളിരുമായി മാറിയ അനുഭവസാക്ഷ്യങ്ങൾ അവർതന്നെ കേരളീയസമൂഹത്തോട് പങ്കുവച്ചിട്ടുമുണ്ട്. ഇവിടെ നാം കാണേണ്ടത് അക്ഷരാഭ്യാസം വേണ്ടത്ര ഇല്ലാതിരുന്ന, അഷ്ടിക്ക് വകതേടി ബീഡിതെറുപ്പിൽ ഏർപെട്ടിരുന്ന പാവപ്പെട്ട തൊഴിലാളികളുടെ അറിവുനേടാനും വിവരങ്ങൾ അറിയാനുമുള്ള അടങ്ങാത്ത അഭിവാഞ്ജയുടെ നിദർശനമാണ് വായനയുടെ കാര്യത്തിൽ അഭിമാനത്തോടെ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഈ ഭൂതകാല നന്മ.

വായനശാലകളുടെ കാര്യത്തിലും പോയകാല കേരളത്തിന് അഭിമാനകരമായ നാൾവഴികളാണുള്ളത്. വായനശാല സ്ഥാപിക്കാൻ സൗജന്യമായി സ്ഥലം സംഭാവന ചെയ്തവർ, നിർമാണപ്രവർത്തനങ്ങൾക്ക് കല്ലും മണ്ണും ചുമന്ന് കഠിനാധ്വാനത്തെ സമർപ്പണ മനസ്സോടെ സംഭാവന ചെയ്തവർ, അക്ഷരത്തെ ഹൃദയപക്ഷം ചേർത്ത സേവനോത്സുകരായ ഉല്പതിഷ്ണുക്കൾ! തന്റെ നാടിന് വെളിച്ചം പകരുന്ന അക്ഷരദേവാലയമായി വായനശാലയെ കണ്ടിരുന്ന പൂർവ്വസൂരികളുടെ നാടാണ് കേരളം. വായനയുടെയും കേൾവിയുടെയും ഒരു സംസ്കാരത്തെയാണ് നമ്മുടെ വായനശാലകൾ ജനമനസ്സുകളിലേക്ക് സന്നിവേശിപ്പിച്ചത്. മിക്ക വായനശാലകളോടും ചേർന്ന് റേഡിയോ പ്രക്ഷേപണത്തിനുള്ള സംവിധാനങ്ങളും അക്കാലത്ത് ക്രമീകരിച്ചിരുന്നു. എല്ലാ വീട്ടിലും റേഡിയോ വാങ്ങുക എന്നത് അന്നത്തെ ജീവിതസാഹചര്യത്തിലും സാമ്പത്തികചുറ്റുപാടിലും അത്രകണ്ട് എളുപ്പമായിരുന്നില്ല. അന്ന് എല്ലാവർക്കും റേഡിയോ കേൾക്കാൻ സാദ്ധ്യത ഒരുക്കിയതും വായനശാലകളായിരുന്നു. വലിയ വാൽവ് സെറ്റ് റേഡിയോയും റേഡിയോ പരിപാടികൾ ഒരു പ്രദേശത്താകെ കേൾക്കാൻ പാകത്തിൽ ഉച്ചഭാഷിണികളും വായനശാലകളിൽ സ്ഥാപിച്ചിരുന്നു. വായനശാലയിലെ റേഡിയോയിലൂടെ പ്രഭാത സായാഹ്ന പ്രക്ഷേപണങ്ങൾക്കായി ഗ്രാമീണസമൂഹം കാതോർത്തിരുന്ന ഒരു കാലമുണ്ടായിരുന്നു.

വായന വാരാചരണത്തിന്റെ ഭാഗമായി ഇക്കുറി ഒരു ടീച്ചേഴ്സ് ട്രെയിനിങ് സ്കൂളിൽ അദ്ധ്യാപക വിദ്യാർത്ഥികളുമായി സംവദിക്കാൻ അവസരമുണ്ടായി. നാളെകളിൽ കുട്ടികളെ പഠിപ്പിക്കാൻ നിയോഗിക്കപ്പെടേണ്ട ഇവരിൽ പലർക്കും വായനാശീലമില്ല. ഈ വർഷം ഏറ്റവുമധികം വിറ്റഴിയപ്പെട്ട ബെസ്റ്റ് സെല്ലേഴ്സ് പുസ്തകങ്ങൾ വായിച്ചവർ വിരളം. ഒരു സ്കൂളിന്റെയോ ഏതാനും ചില വിദ്യാർത്ഥികളുടേയോ മാത്രം കാര്യമല്ലിത്. എന്നാൽ ഡിജിറ്റൽ വയനയുടേതായ ഈ കാലത്ത് അങ്ങനെ പുസ്തകങ്ങൾ വായിക്കുന്ന കുട്ടികളുമുണ്ട് എന്നത് യാഥാർത്ഥ്യമാണ്. ഇൻസ്റ്റഗ്രാമിലെയും യൂട്യൂബിലെയും റീലുകളോടുള്ളത്ര മമതയും അടുപ്പവും ഇപ്പോൾ പുസ്തകങ്ങളോടില്ലെന്നുള്ള യാഥാർത്ഥ്യം പറയാതെവയ്യ. കുട്ടികൾ മാത്രമല്ല മുതിർന്നവരിലും വലിയൊരു പങ്ക് ഗൗരവതരമായ വായനയോട് വിടപറഞ്ഞിരിക്കുന്നു. മുമ്പ് റയിൽവേസ്റ്റേഷനു

കളിലായാലും ട്രെയിനിലായാലും പുസ്തകങ്ങളിലോ മാസികകളിലോ കണ്ണും നട്ടിരിക്കുന്ന നിരവധി പേരെ നമുക്ക് കാണാമായിരുന്നു. ഇപ്പോൾ അതൊരു അപൂർവ്വ കാഴ്ചയാണ്. പുസ്തകങ്ങൾക്ക് പകരം പ്രായഭേദമന്യേ എല്ലാവരുടെയും കൈയ്യിൽ മൊബൈൽ ഫോണുകളാണ് സാർവ്വത്രികമായി കാണുന്നത്. പക്ഷേ നമ്മുടെ സ്വീകരണമുറികളിൽ ചില്ലലമാരകളിലും ഷെൽഫുകളിലും പത്രാസിന്റെ മുഖമുദ്രയായി ഒരിക്കൽപോലും തുറന്നുനോക്കാത്ത പുസ്തകങ്ങളും ഉണ്ടാകാം.


പുതിയകാലത്ത് നമ്മുടെ 'പോക്കറ്റ്സർവ്വകലാശാലയായി' സമൂഹമാധ്യമങ്ങൾ വിശിഷ്യ യുട്യൂബ് മാറിയിരിക്കുന്നു. അതിൽ ഇല്ലാത്തതായി ഒന്നുമേയില്ല. രോഗങ്ങൾക്ക് ചികിത്സ വിധിക്കുന്നതും വിവാഹബന്ധങ്ങൾ തരപ്പെടുത്തുന്നതും തൊഴിൽ സാദ്ധ്യതകൾ തെര്യപ്പെടുത്തുന്നതും കൃഷിപാഠങ്ങൾ പറഞ്ഞുതരുന്നതും ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം പഠിപ്പിക്കുന്നതും ഉടുത്തൊരുങ്ങാൻ നല്ലസാരി വാങ്ങാനുള്ള ഇടം ചൂണ്ടിക്കാണിക്കുന്നതും ഭക്തിയുടെ നാനാർത്ഥങ്ങളും ആത്മീയതയുടെയും പുരാണ ഇതിഹാസങ്ങളുടെയും നല്ല പാഠങ്ങളും പറഞ്ഞുതരുന്നതുമെല്ലാം ഇപ്പോൾ യുട്യൂബ് ആണ്. പക്ഷേ, പലപ്പോഴും നമ്മെ വഴിതെറ്റിക്കുന്നതിനും അപകടത്തിലാക്കുന്നതിനും ഇത് കാരണമാകുന്നുമുണ്ട്. എന്തായാലും ഒരു പുസ്തകം വായിക്കുമ്പോൾ കിട്ടുന്ന അനുഭവവും അനുഭൂതിയും യുട്യൂബിലെ പുസ്തകപരിചയത്തിലൂടെ കിട്ടുന്നില്ല എന്നത് പരമാർത്ഥമാണ്. സമൂഹമാധ്യമമെന്ന നിലയിൽ യൂട്യൂബിന്റെ അനന്തവും അപാരവുമായ വർത്തമാനകാല സാധ്യതകൾ തെല്ലും കുറച്ചുകാണുകയല്ല. യൂട്യൂബ് സന്ദേശങ്ങൾക്കും വിജ്ഞാനവിനിമയത്തിനും ലൈക്കുകൾ വല്ലാതെ വർധിക്കുന്നതും കാണാതിരുന്നുകൂടാ. പക്ഷേ ഉപ്പോളംവരുമോ ഉപ്പിലിട്ടത് എന്ന ചോദ്യം പ്രസക്തമാണ്. അനുനിമിഷം ഡിലീറ്റ് ചെയ്യാൻ കഴിയാത്ത രേഖയായി അച്ചടിമഷി പുരണ്ട അക്ഷരങ്ങൾ വായനക്കാരന്റെ മനസ്സിൽ മുദ്രണം ചെയ്യപ്പെടുന്നു എന്നതാണ് പുസ്തകങ്ങളുടെയും പത്രങ്ങളുടെയും മാസികകളുടെയും വേറിട്ട സവിശേഷത. എന്തിനേറെ, പുതിയ പുസ്തകങ്ങൾ കൈയ്യിൽ കിട്ടിയാൽ വായിക്കുന്നതിന് മുമ്പേ പേജുകൾ മറിച്ച് അതൊന്ന് മണത്തുനോക്കുകയും പുസ്തകത്തിന്റെ പുതുമണം ആസ്വദിക്കുകയും ചെയ്യുന്നവരാണ് നാം. അറിവും അവബോധവും മാത്രമല്ല ഉറച്ച ആത്മവിശ്വാസവും വായനയിലൂടെ കൈവരുന്നു എന്നതാണ് വസ്തുത.

കാർഷിക വിജ്ഞാനവ്യാപനദൗത്യം നിർവ്വഹിക്കുന്ന കാർഷികപ്രസിദ്ധീകരണങ്ങളുടെ കാര്യംതന്നെയെടുക്കാം. റബ്ബർ മാസിക, കേരള കർഷകൻ, കർഷകശ്രീ, കർഷകൻ, ഇന്ത്യൻ നാളീകേര ജേണൽ, കൃഷിയങ്കണം, സ്പൈസ് ഇന്ത്യ, കൽപധേനു, കൃഷി ജാഗരൺ തുടങ്ങി എത്രയെത്ര പ്രസിദ്ധീകരണങ്ങൾ. ഇവയിലൂടെ പ്രസിദ്ധീകരിക്കപ്പെടുന്ന ഏതെങ്കിലുമൊരു കാർഷിക വിഷയത്തിനോ കാർഷികലേഖനത്തിനോ ലഭിക്കുന്നത്ര സ്വീകാര്യതയും വിശ്വാസ്യതയും ഇന്നും സമൂഹമാധ്യമത്തിൽ പങ്കുവയ്ക്കപ്പെടുന്ന കൃഷിവിശേഷങ്ങൾക്കോ കൃഷി അറിവുകൾക്കോ ലഭിക്കുന്നുണ്ടോ?

കേരളം മുന്നോട്ടുവച്ച ഉൽകൃഷ്ടമായ ആശയമാണ് വായനദിനവും വായനവാരാചരണവും. അൻപത്തൊന്ന് അക്ഷരങ്ങൾക്കപ്പുറത്തെ ആഹ്ലാദവും അഭിമാനവുമായി രണ്ടായിരത്തി പതിനേഴ് വരെ കേരളം രണ്ടുപതിറ്റാണ്ടിലേറെക്കാലം, എല്ലാ വർഷവും ജൂൺ 19 ന്, മലയാളിയെ വായനയുടെ ലോകത്തേക്ക് കൈപിടിച്ചു നടത്തിയ പി.എൻ. പണിക്കരുടെ ചരമദിനം വായനദിനമായി ആചരിച്ചുപോരുന്നു. വിദ്യാർത്ഥികളടക്കം പുതിയ തലമുറയെ വായനയുടെയും പുസ്തകങ്ങളുടെയും ലോകത്തേക്ക് അടുപ്പിക്കാൻ വായനദിനാചരണത്തോടൊപ്പം വായനവാരാചരണവും നടത്തിവരുന്നു. വായനയെ പ്രോത്സാഹിപ്പിക്കുക വായനയിലൂടെ അറിവും വിജ്ഞാനവും ജനമനസ്സുകളിൽ പ്രസരിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിന്റെ ഈ മഹത്തായ മാതൃകയെ ഭാരതവും ഏറ്റെടുത്തു! രണ്ടായിരത്തി പതിനേഴിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി കേരളത്തിന്റെ വായനദിനമായ ജൂൺ 19 ദേശീയ വായനദിനമായി പ്രഖ്യാപിക്കുകയും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും വർഷംതോറും വായനദിനം ആചരിക്കുകയും ചെയ്യുന്നു.

മലയാളിയെ വായനയുടെ പ്രബുദ്ധമായ ലോകത്തേക്ക് ആനയിച്ച, ജീവിതം വായനശാലാപ്രവർത്തനങ്ങൾക്കും സംഘാടനത്തിനുമായി സമർപ്പിച്ച അക്ഷരാർത്ഥത്തിൽ വായനയുടെ അംബാസിഡർ എന്ന് വിശേഷിപ്പിക്കാവുന്ന പുതുവയിൽ നാരായണപ്പണിക്കർ എന്ന പി.എൻ. പണിക്കരുടെ അശ്രാന്തമായ പരിശ്രമങ്ങൾക്കും ദീപ്തമായ ഓർമകൾക്കും മുന്നിൽ സ്മരണാഞ്ജലിയായി ഈ ലക്കം ഗ്രാമകേരളം കുറിപ്പ് സമർപ്പിക്കട്ടെ. •

## 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ് – 2026' വിൽപനയ്ക്ക്




റബ്ബർകൃഷിപരിപാലനം, വിവിധ റബ്ബറിനങ്ങളും അവയുടെ പ്രത്യേകതകളും, വളമിടൽ, രോഗങ്ങളും അവയുടെ നിവാരണമാർഗങ്ങളും, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് 'റബ്ബർ ഗ്രോവേഴ്സ് ഗൈഡ്'. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ, പരിശീലനപരിപാടികൾ, സ്ഥിതിവിവരക്കണക്കുകൾ, ബോർഡിന്റെ ഇന്ത്യയൊട്ടാകെയുള്ള ഓഫീസുകളുടെ വിലാസങ്ങൾ, ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവയെല്ലാം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 250 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346).

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2026 ജൂൺ 1 | 25950 | 25650 | 16380 | 25950 | 25650 | അവധി | അവധി |
| 2026 ജൂൺ 2 | 26100 | 25800 | 16590 | 26100 | 25800 | 29188 | 29101 |
| 2026 ജൂൺ 3 | 26200 | 25900 | 16695 | 26200 | 25900 | അവധി | അവധി |
| 2026 ജൂൺ 4 | 26300 | 26000 | 16800 | 26300 | 26000 | 29936 | 29848 |
| 2026 ജൂൺ 5 | 26400 | 26100 | 16800 | 26400 | 26100 | 30125 | 30037 |
| 2026 ജൂൺ 6 | 26500 | 26200 | അവധി | 26500 | 26200 | അവധി | അവധി |
| 2026 ജൂൺ 7 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ജൂൺ 8 | 26700 | 26400 | 16905 | 26700 | 26400 | 29757 | 29669 |
| 2026 ജൂൺ 9 | 26800 | 26400 | 16905 | 26800 | 26400 | 29361 | 29274 |
| 2026 ജൂൺ 10 | 26800 | 26400 | 16905 | 26800 | 26400 | 29376 | 29288 |
| 2026 ജൂൺ 11 | 26900 | 26500 | 16905 | 26900 | 26500 | 29495 | 29408 |
| 2026 ജൂൺ 12 | 27000 | 26700 | 16905 | 27000 | 26700 | 30246 | 30158 |
| 2026 ജൂൺ 13 | 27100 | 26800 | അവധി | 27100 | 26800 | അവധി | അവധി |
| 2026 ജൂൺ 14 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ജൂൺ 15 | 27300 | 27000 | 16905 | 27300 | 27000 | 30499 | 30412 |
| 2026 ജൂൺ 16 | 27500 | 27100 | 16905 | 27500 | 27100 | 30771 | 30684 |
| 2026 ജൂൺ 17 | 27600 | 27100 | 16905 | 27600 | 27100 | 30604 | 30516 |
| 2026 ജൂൺ 18 | 27600 | 27100 | 16905 | 27600 | 27100 | 30094 | 30007 |
| 2026 ജൂൺ 19 | 27500 | 27000 | 16800 | 27500 | 27000 | 29889 | 29803 |
| 2026 ജൂൺ 20 | 27400 | 26900 | അവധി | 27400 | 26900 | അവധി | അവധി |
| 2026 ജൂൺ 21 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ജൂൺ 22 | 27300 | 26800 | 16800 | 27300 | 26800 | 29925 | 29839 |
| 2026 ജൂൺ 23 | 27300 | 26800 | 16855 | 27300 | 26800 | 29719 | 29633 |
| 2026 ജൂൺ 24 | 27300 | 26800 | 16855 | 27300 | 26800 | 29674 | 29588 |
| 2026 ജൂൺ 25 | 27200 | 26700 | 16855 | 27200 | 26700 | 28860 | 28775 |
| 2026 ജൂൺ 26 | അവധി | അവധി | അവധി | അവധി | അവധി | 27212 | 27127 |
| 2026 ജൂൺ 27 | 27000 | 26600 | അവധി | 27000 | 26600 | അവധി | അവധി |
| 2026 ജൂൺ 28 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2026 ജൂൺ 29 | 26800 | 26400 | 16855 | 26800 | 26400 | 26297 | 26212 |
| 2026 ജൂൺ 30 | 26800 | 26400 | 16905 | 26800 | 26400 | 26059 | 25975 |
| **ശരാശരി** | **26934** | **26542** | **16825** | **26934** | **26542** | **29354** | **29268** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിവിഷൻ, റബ്ബർബോർഡ്*

# പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | മാർച്ച് 2026 | മാർച്ച് 2025 | ഏപ്രിൽ 2025 മുതൽ മാർച്ച് 2026 വരെ | ഏപ്രിൽ 2024 മുതൽ മാർച്ച് 2025 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5 |
| **ഉത്പാദനം** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 14300 | 17725 | 569550 | 550875 | |
| ബ്ലോക്കുറബ്ബർ | 21125 | 19725 | 207825 | 197500 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9700 | 7700 | 110000 | 107350 | |
| മറ്റുള്ളവ | 875 | 850 | 17625 | 19275 | |
| **ആകെ** | **46000** | **46000** | **905000** | **875000** | **3.4** |
| **ഉപഭോഗം*** (ടൺ) | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 50100 | 53800 | 597500 | 584950 | |
| ബ്ലോക്കുറബ്ബർ | 46900 | 54000 | 661000 | 680700 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 12500 | 11000 | 120500 | 108700 | |
| മറ്റുള്ളവ | 3500 | 3200 | 48000 | 35650 | |
| **ആകെ** | **113000** | **122000** | **1427000** | **1410000** | **1.2** |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 75375 | 76315 | 907956 | 946230 | -4.0 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | |
| ഇറക്കുമതി (p) | 28149 | 36411 | 459081 | 550918 | |
| കയറ്റുമതി (p) | 355 | 627 | 3014 | 4839 | |
| **2026 മാർച്ച് അവസാനത്തെ സ്റ്റോക്ക് (ടൺ)** | | | | | |
| കർഷകർ | | 23500 | ഷീറ്റുറബ്ബർ | | 194000 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | | 125500 | ബ്ലോക്കുറബ്ബർ | | 77000 |
| ടയർ നിർമ്മാതാക്കൾ (c) | | 117500 | റബ്ബർപാൽ (ഡിആർസി) | | 28000 |
| മറ്റു വ്യവസായികൾ | | 50500 | മറ്റുള്ളവ | | 18000 |
| **ആകെ** | | **317000#** | **ആകെ** | | **317000#** |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ

\# കർഷകരുടെയും വ്യാപാരികളുടെയും പ്രോസ്സസേഴ്സിന്റെയും പക്കൽ പ്രോസ്സസ് ചെയ്യാനുള്ള റബ്ബർ ഉൾപ്പെടെ

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആന്റ് പ്ലാനിങ് ഡിവിഷൻ, റബ്ബർബോർഡ്*

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



## ഗുണമേന്മയുള്ള നടീൽവസ്തുക്കൾക്ക്

# റബ്ബർബോർഡ് നഴ്സറികൾ

| റബ്ബർബോർഡിന്റെ<br>കേരളത്തിലെ നഴ്സറികൾ | |
|---|---|
| **സെൻട്രൽ നഴ്സറി**<br>കരിക്കാട്ടൂർ, മുക്കട പി.ഒ.<br>ഇ-മെയിൽ: cnkkr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി,**<br>മഞ്ചേരി.<br>ഇ-മെയിൽ: romji@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കടയ്ക്കാമൺ, പുനലൂർ.<br>ഇ-മെയിൽ: ropnr@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ഉളിക്കൽ, കണ്ണൂർ.<br>ഇ-മെയിൽ: roskm@rubberboard.org.in |
| **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>കാഞ്ഞിക്കുളം, പാലക്കാട്.<br>ഇ-മെയിൽ:ropgt@rubberboard.org.in | **റബ്ബർബോർഡ് റീജിയണൽ നഴ്സറി**<br>ആലക്കോട്, തളിപ്പറമ്പ്.<br>ഇ-മെയിൽ: rotba@rubberboard.org.in |

**കൂടുതൽ വിവരങ്ങൾക്ക്:**
**റബ്ബർബോർഡ് കോൾസെന്റർ**
**ഫോൺ:** 0481-2576622



RUBBER MONTHLY (MALAYALAM)
Published on 11 July 2026
RNI. 7842

Registered KL / KTM/ 44 / 2024-26
Licence No. KL / CR / KTM / WPP - 09 / 2024-26
Licensed to post without pre-payment




പകരമാകില്ല മറ്റൊന്നും

- അനുകരണങ്ങളെ സൂക്ഷിക്കുക
- തോട്ടം നേരിൽ കണ്ട് കൃഷിരീതികൾ മനസ്സിലാക്കുക

പ്രത്യേകതകൾ

- 30% ൽ അധികം തണൽ ആവശ്യം
- റബ്ബർ തോട്ടത്തിൽ കാട് വളരാത്തതുമൂലം പണിക്കൂലി ലാഭകരം
- തായ്‌വേരുകൾ ആയതിനാൽ ഇടവിളകൃഷിക്ക് അനുയോജ്യം
- തായ്‌വേരായതിനാൽ നനയ്ക്കേണ്ടതില്ല
- ഉത്പാദനത്തിൽ വർദ്ധനവ്
- തോട്ടം നട്ടുപിടിപ്പിച്ചു കൊടുക്കുന്നു
- കേരളത്തിൽ എവിടെ നിന്നും മാർക്കറ്റ് വിലയിൽ കാപ്പി സംഭരിക്കുന്നു

റോയ്സ്
ഹൈടെക് ഹൈബ്രിഡ് കോഫി
പ്ലാന്റേഷൻ & നേഴ്സറി
PULPALLY - WAYANAD
9447 907 464
9744 517 595
www.royscoffee.com

Printed and Published by B. Sreekumar, Deputy Director (I/C), Publicity and Public Relations Division, Rubber Board, Kottayam-686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam-686 002. Editor: B. Sreekumar